# പഞ്ചാംഗം.

എപ്പകത്തി ൨൦. ഞായറാഴ്ച അക്ഷരം .൭

[illegible]

## ൧൯൩൦ ഏപ്രിൽ – ൧൧൦൫ മീനം – മേടം.

| | | | | |
|---|---|---|---|---|
| 1 | 19 | ചൊ | ന. ആ. കു. ആ. | റോ. |
| 2 | 20 | ബു | മൌ. പ്രാൻസിസ്ക്കോസ് പൌളാ ന. ആ, കു. വെ, | വെ. |
| 3 | 21 | വ്യാ | ന. ആ. കു. വെ. | റോ. |
| 4 | 22 | വെ | ന. ക. തിരുരക്തം (ഒരുനേരം) ന. ആ. കു. വെ. | ച്യു. |
| 5 | 23 | ശ | വിൻസെന്തിയോസ് പെരിയിര ന. ആ. കു. വെ. ഇന്ന് റംശാസ്സുമുമ്പ് റോയിസ് നിറത്തില്പുള്ള തുണികൊണ്ട് രൂപങ്ങൾ മൂടുന്നു. | വെ. |
| 6 | 24 | ഞാ | ✠ നോ. ൫–ാം ഞാ. ന. കു. ആ. .ം൨ ,൦ .൨ | റോ. |
| 7 | 25 | തി | ന. ആ. കു. ആ. | റോ. |
| 8 | 26 | ചൊ | മൌ. അൽബത്തോസ് ന. ആ. കു, വെ. | വെ. |
| 9 | 27 | ബു | ന. ആ. കു. ആ. | റോ. |
| 10 | 28 | വ്യാ | ന. ആ. കു. ആ. | റോ. |
| 11 | 29 | വെ | ഏ. ഭാ. കു. മ. ൭ വ്യാകുലം (ഒരുനേരം) ന. ആ. കു. വെ. | വെ. |
| 12 | 30 | ശ | ന. ആ. കു. ആ. | റോ. |
| 13 | 1 | ഞാ | ☺ ✠ നോ. ൬–ാം ഞാ. (ഓശാന) ന. കു. ആ. .ം൨ ,൯ .൨ | റോ. |
| 14 | 2 | തി | വലിയ ആഴ്ച. ന. ആ. കു. ആ. | റോ. |
| 15 | 3 | ചൊ | വലിയ ആഴ്ച ന. ആ. കു. ആ. | റോ. |
| 16 | 4 | ബു | വലിയ ആഴ്ച ന. ആ, കു. ആ. | റോ. |
| 17 | 5 | വ്യാ | (✠) ന. ക. അത്താഴം ന. ആ. കു. ആ. | വെ. |
| 18 | 6 | വെ | (✠) ദു:ഖവെള്ളി ന. ആ. (ഒരുനേരം) | ക. |
| 19 | 7 | ശ | ദുഃഖശനി ന. ആ. (ഒരുനേരം) ☞ ഇന്നു മുതൽ "പരലോകരാജ്ഞി,, നിന്നുകൊണ്ടുചൊല്ലുന്നു. | |
| 20 | 8 | ഞാ | ✠ ന. ക. ഉയിർപ്പു എട്ടദി. ന. കു. വെ. ൨൧൦൧൮? .?൮ .൨ .൮ | വെ. |
| 21 | 9 | തി | (✠) എം. ന. ആ. കു. വെ. .൨ | വെ. |
| 22 | 10 | ചൊ | (✠) എം. ന. ആ. കു. വെ. .൩ | വെ. |
| 23 | 11 | ബു | (✠) എം. ന. ആ. കു. വെ. .൪ | വെ. |
| 24 | 12 | വ്യാ | എം. ന. ആ. കു. വെ. .൫ | വെ. |
| 25 | 13 | വെ | എം. ന. ആ. കു. വെ. .൭ | വെ. |
| 26 | 14 | ശ | എം. ന. ആ. കു. വെ. .൦ | വെ. |
| 27 | 15 | ഞാ | ✠ ഉയിർപ്പു ൧–ാം ഞാ. (പുതുഞാ.) ന. കു. ആ. .൨൮ .൩ .൮ മലയാറ്റൂർ, കോക്കമലം, പാവർട്ടി, അറക്കുളം തോമ്മാശ്ലീഹാ തിരുനാൾ. ☞ അടുത്തതു ആദ്യവെള്ളി. അടുത്ത വെള്ളി മാർ യൌസേ. പി. മദ്ധ്യ. നൊവേന തുടങ്ങും. | വെ. |
| 28 | 16 | തി | ☻ വേദ വിത്താലീസ് ന. ആ. കു. വെ. | ച്യു. |
| 29 | 17 | ചൊ | വേദ പത്രോസ് ന. ആ. കു. വെ. | ച്യു. |
| 30 | 18 | ബു | ക. കത്രീന ദെസിയന്നാ ന. ആ. കു. വെ. | വെ. |



# കർമ്മല കുസുമം.

പുസ്തകം ൨൮.) ൧൯൨൦ ഏപ്രിൽ. (ലക്കം ൪.


# വ്യാകുലമാതൃകീർത്തനം.

(ശ്രീമാൻ ററി. കെ. വക്കി, ചേർത്തല)

കമാശ് രാഗം.) (ചായ്പ്പ താളം.

(മത്താഡാപരായ് തനോ എന്ന മട്ട്)

പല്ലവി— ശോകംനിറഞ്ഞോരമ്മേ! വ്യാകുലനാഥേ! (ശോകം)

അനുപല്ലവി— ആകുലരിവരഞ്ഞേ—പാദം നമിച്ചിടുന്നേൻ.

ചരണങ്ങൾ.

പുത്രപാടപീഡതൻ— വൃത്താന്തം ശ്രവിച്ചോരു
മാത്രയിൽ വ്യാകുലാസ്ത്രം— 'ചങ്കിൽ' തറച്ചു പാരം. (ശോകം)
രാജരാജനാം നിന്റെ— ദിവ്യാത്മജനയ്യയ്യോ!
വ്യാജപ്പുള്ളിപോലേററം— മാനഹീനനാകയാൽ !! (ശോകം)
ഭാരമേറും വൻസ്ലീവാ— പുത്രന്റെ തോളിലേററി
ക്രൂരമായ് തള്ളിയുന്തി—കൊണ്ടുപോം കാഴ്ചകണ്ടു (ശോകം)
കൈകാല്യകൾ കുരിശിൽ- ചേർത്താണി തറച്ചയ്യോ!
നിൻകുമാരനെക്കൊല്ലും— കാഴ്ച്ചയാൽ ബോധമററു!! (ശോകം)
അയ്യയ്യോ! ഞങ്ങളുടെ— പാപാക്രമങ്ങളെല്ലോ!
കുററമററ കുഞ്ഞാടാം— നിൻപുത്രമൃത്യുമൂലം ? (ശോകം)
ഹീനരീ ഞങ്ങൾ മേലിൽ — പാപംചെയ്കയില്ലമ്മേ!
ദീനരീയിവക്കായ് നീ— പുത്രനോടർത്ഥിക്കണേ!! (ശോകം)

# പ്രസാധകക്കുറിപ്പുകൾ.

## വലിയ ആഴ്ച്ചയും പെസഹാതിരുനാളും.

വലിയനോയമ്പിന്റെ അവസാന ആഴ്ച്ചയ്ക്കു വലിയ ആഴ്ച എന്നാണല്ലോ സാമാന്യം പേരു. അടുത്ത ൧൮-൨൮- ഓശാന ഞായറാഴ്ച്ചയും അതു കഴിഞ്ഞുവരുന്ന

ആഴ്ച വലിയ ആഴ്ചയുമാണു്. പെസഹാ വ്യാഴം, ദുഃഖവെള്ളി, ദുഃഖശനി എന്ന മൂന്നു ദിവസങ്ങൾ വലിയ ആഴ്ചയിൽ പ്രത്യേക ദിവസങ്ങളാണു്. ഈ ദിവസങ്ങളിൽ ദേവാലയത്തിൽ അനുഷ്ഠിക്കുന്ന ദിവ്യകർമ്മങ്ങൾ വളരെ സാരങ്ങൾ അടങ്ങിയിട്ടുള്ളതാകയാൽ ഈ കർമ്മങ്ങളിൽ ശ്രദ്ധാപൂർവ്വം സംബന്ധിച്ചു അവയുടെ സാരാർത്ഥം ഗ്രഹിക്കുന്നതിനു ശ്രമിച്ചാൽ അതുതന്നെ പെസഹാ തിരുനാളിനുള്ള ഉത്തമമായൊരു ഒരുക്കമായിരിക്കും. നമ്മുടെ പെസഹാ ആയിരിക്കുന്ന മ്ശിഹാ ബലികഴിക്കപ്പെട്ടിരിക്കയാൽ നമുക്കു പഴയ പുളിപ്പിനെ ഉപേക്ഷിക്കാം എന്നു വി. പൗലോസു് കോറിന്ത്യർക്കു കൊടുത്ത ഉപദേശമാണു് തിരുസഭ പെസഹാ തിരുനാളിലെ കുർബ്ബാനയിൽ നമുക്കും തരുന്നതു് എന്നു ഈ ദിവസങ്ങളിൽ നാം പ്രത്യേകം ഓർക്കേണ്ടതാണു്.

## കത്തോലിക്കാ മഹാജനസഭ.

കേരളീയ കത്തോലിക്കർക്കു സാമുദായികമായും രാഷ്ട്രീയമായും യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള ഒരു സ്ഥാപനമാണു് കത്തോലിക്കാ മഹാജനസഭ. മഹാജനസഭാ നടത്തിപ്പിനെ പഴിച്ചു പലരും പലതെല്ലാം പലേകൊല്ലങ്ങളായി പറഞ്ഞുവന്നിരുന്നതു പരിഹരിക്കുന്നതിനു തൽഭാരവാഹികൾ ഗണ്യമായ പരിശ്രമങ്ങൾ ചെയ്തുവരുന്നു എന്നറിയുന്നതു വളരെ സന്തോഷകരമാണു്. മഹാജനസഭ സമുദായത്തിന്റെ പൊതു സ്ഥാപനമാണു, അതിന്റെ ശ്രേയസ്സു സമുദായത്തിലെ ഓരോ വ്യക്തിയുടെയും സഹകരണത്തെ ആശ്രയിച്ചാണിരിക്കുന്നതു് എന്നീ തത്വങ്ങൾ ഓരോ കത്തോലിക്കനും ധരിച്ചു വേണ്ടതു പ്രവർത്തിക്കാതെ മഹാജനസഭ കത്തോലിക്കാ സമുദായത്തിന്റെ താല്ക്കാലികാവസ്ഥയ്ക്കു അനുയോജ്യമായ ഒരു സ്ഥാപനമാകയില്ലാ എന്നു ഏവരും ധരിച്ചു പ്രവർത്തിക്കണമെന്നു ഞങ്ങൾ ഓരോരുത്തരേയും ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

## റഷ്യയിലെ മതപീഡനം.

റഷ്യയിൽ മതപീഡനം തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. ഈ പീഡനം അവസാനിക്കുന്നതിനായി കത്തോലിക്കാലോകം മുഴുവനിലും പ്രത്യേകാരാധനാ പ്രാർത്ഥനകൾ നടത്തുന്നതിനു പ. പിതാവിനാൽ നിശ്ചയിക്കപ്പെട്ടിരുന്ന മാർച്ചു് ൧൯-ാംനു- വി. പത്രോസിന്റെ ദേവാലയത്തിൽ പ. പിതാവു കുർബ്ബാന ചൊല്ലുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്കയുണ്ടായി. ഈ അവസരത്തിൽ കർദ്ദിനാളന്മാർ രാജ്യപ്രതിനിധികൾ ആദിയായി അനേകം ആളുകൾ സന്നിഹിതരായിരുന്നു. മാർപ്പാപ്പായുടെ പ്രാർത്ഥനയ്ക്കായുള്ള ഈ ക്ഷണം കത്തോലിക്കർ മാത്രമല്ല, അകത്തോലിക്കാ സഭകളും യഹൂദന്മാർ, മഹമ്മദീയർ ആദിയായ പല ക്രിസ്ത്വേതരന്മാർ കൂടെയും ആദരിച്ചതായി അറിയുന്നു. ലാഹോറിൽനിന്നും പുറപ്പെടുന്ന 'ലൈററു്' എന്ന മഹമ്മദീയ പത്രം ഇതുസംബന്ധിച്ചു പറയുന്നതു ശ്രദ്ധാർഹമാണു്. "മാർപ്പാപ്പാ ക്രൈസ്തവരെ മാത്രമെ പ്രാർത്ഥനാരാധനകൾക്കു ക്ഷണിക്കുന്നുള്ളുവെങ്കിലും മതകാര്യത്തിൽ താല്പര്യമുള്ള സകല ക്രിസ്ത്വേതരന്മാരുടെയും ഹൃദയത്തെ അതു സ്പർശിക്കേണ്ടതാണു്. പരിപാവനങ്ങളായ മതസ്ഥാപനങ്ങളെ നിശ്ശങ്കം നശിപ്പിക്കുന്ന ഭയങ്കരകാഴ്ച ആരെയാണു് ദുഃഖിപ്പിക്കാത്തതു്. റഷ്യയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനു പാപ്പാ നിശ്ചയിച്ചിരിക്കുന്ന മാർച്ചു് ൧൯-ാംനു- ഹിന്ദുക്കളും മുസൽമാന്മാരും പങ്കുകൊള്ളേണ്ടതാണു്. പണച്ചെലവുള്ള സംരംഭങ്ങളിൽ ഏർപ്പെടുന്നതിനു മഹമ്മദീയർക്കു മടിയുണ്ടായാലും പ്രാർത്ഥിക്കയെങ്കിലും ചെയ്യുന്നതിനു അവർക്കു സാധിക്കുന്നതാണല്ലോ." പരിശുദ്ധ പിതാവിന്റെ സദുദ്ദേശ്യത്തോടു യോജിച്ചുകൊണ്ടു റഷ്യയിൽ മതപീഡനമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി നമുക്കും തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കാം.

## വേദപ്രചാരമദ്ധ്യസ്ഥയായ

# വിശുദ്ധ കൊച്ചുത്രേസ്യാ.

(ഫാദർ എജീദിയോസ് സി. ഡി.)

വിശുദ്ധന്മാരുടെ ജീവചരിത്രത്തെ നാം ക്രൂലങ്കഷമായി പരിശോധിക്കുന്നപക്ഷം അവരിൽ ഒരേപുണ്യം അത്യധികമായി പ്രശോഭിക്കുന്നതു് നമുക്കു കാണുവാൻ സാധിക്കും. അവരിൽ എല്ലാവരിലും വീരന്മാർക്കടുത്ത പരിശുദ്ധത വിളങ്ങുകയും ചെയ്യും. പരിശുദ്ധതയാണല്ലോ ഏററം പരിപാവനമായിട്ടുള്ളതു്. ഇന്നു ലോകം മുഴുവന്റെയും സ്നേഹത്തിനും ലാളനക്കും പാത്രീഭൂതയായ വി. ചെറുപുഷ്പത്തെ ഒരു മതപ്രേഷിതയാക്കുന്നതിനു് ദൈവം നിശ്ചയിച്ചിരുന്നു. എന്നാൽ പ്രേഷിത എന്നു പറയുമ്പോൾ നമ്മുടെ സ്മരണാപഥത്തിൽ ഉദിച്ചുപൊങ്ങുന്ന അർത്ഥത്തിലല്ല ചെറുപുഷ്പത്തെ പ്രേഷിതയാക്കുന്നതിനു് ദൈവം നിശ്ചയിച്ചതു്. പിന്നെയോ മഠത്തിന്റെ ഏകാന്തമായ മുറിയിൽ ഇരുന്നുകൊണ്ടു് പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പ്രകരണങ്ങളെ ദൈവസമക്ഷം സമർപ്പിക്കുന്ന സ്നേഹത്തിന്റെ ഒരു പ്രേഷിതയാക്കുവാനാണു് സർവ്വവല്ലഭൻ തീർമ്മാനിച്ചതു്. മൂന്നു സഹോദരന്മാരെ അവൾക്കു് ദൈവം പ്രദാനം ചെയ്തിട്ടുണ്ടായിരുന്നു. അവർ ദൈവവചനത്തെ പ്രസംഗിക്കുകയും ദൈവീക അപ്പത്തെ വിശ്വാസികൾക്കു മുറിച്ചുകൊടുക്കുകയും ദൈവനാമത്തിൽ അവർക്കു് മാപ്പുകൊടുക്കുകയും ചെയ്യുന്നതിനെ കാണുന്നതിനു അവൾ അതിയായി ആഗ്രഹിച്ചിരുന്നു. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. ദൈവദാനങ്ങളായ ആ മൂന്നു സഹോദരങ്ങളേയും ഉടനടി സ്വർഗ്ഗത്തിലേക്കു് ദൈവം വിളിച്ചുകളഞ്ഞു. ശൈശവത്തിൽ തന്നെ അവർ കാലഗതി അടഞ്ഞു. ഇതു കൊച്ചുത്രേസ്യായുടെ ഹൃദയത്തെ വല്ലാതെ മുറിപ്പെടുത്തി എന്നു് പറയേണ്ടതില്ലല്ലോ. ദൈവവിചാരങ്ങൾ നമ്മുടെ വിചാരങ്ങളും ദൈവവഴികൾ നമ്മുടെ വഴികളും അല്ലല്ലോ. ഇങ്ങനെ ഇരിക്കുകയിൽ സന്തപ്തയായ ചെറുപുഷ്പത്തെ സന്തോഷചിത്തയാക്കുന്നതിനു് ദൈവം തിരുചിത്തമായി. എങ്ങിനെയെന്നാൽ; ഒരു ദിവസം കൊച്ചുത്രേസ്യാ സ്വന്ത ജോലി നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ മഠാധിപ അവളെ വിളിച്ചു ഒരു വൈദിക വിദ്യാർത്ഥിയുടെ ഒരെഴുത്തു വായിച്ചുകേൾപ്പിച്ചു. അതിൽ ആ വിദ്യാർത്ഥിക്കുവേണ്ടിയും, അദ്ദേഹം കൈയ്യേൽക്കാനിരിക്കുന്ന ആദ്ധ്യാത്മികാജക്രൂട്ടത്തിനുവേണ്ടിയും നിരന്തരം പ്രാർത്ഥിക്കുന്നതിനു് ഒരു സഹോദരിയെ ആവശ്യപ്പെട്ടിരുന്നു. തന്നെയുമല്ല, ഇപ്രകാരമുള്ള ചുമതല കൈയ്യേൽക്കുന്ന സഹോദരിയെ അദ്ദേഹത്തിന്റെ ദിവ്യപൂജയിൽ പ്രത്യേകമായ വിധത്തിൽ അനുസ്മരിക്കുന്നതാണെന്നും കൂടി അതിൽ കാണിച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരമുള്ള ഒരു ഭാഗ്യാവസ്ഥയിൽ എത്തുന്നതിനു ആഗ്രഹക്കാരായി പല സഹോദരികൾ ഉണ്ടായിരുന്നതിനാൽ മഠാധിപ ചിട്ടിയിട്ടു കാര്യം തീർക്കുന്നതിനു് നിർബന്ധിതയായി തീർന്നു. അപ്രകാരം സഹോദരികൾ എല്ലാവരുടെയും പേരെഴുതി ചിട്ടിയിട്ടതിൽ കൊച്ചുത്രേസ്യാക്കാണു് ആ ഭാഗ്യം ലഭിക്കുന്നതിനു ഇടയായതു്. അവൾ അതു സസന്തോഷം സ്വീകരിച്ചു. ഇങ്ങനെ നഷ്ടപ്പെട്ടുപോയ മൂന്നു സഹോദരങ്ങൾക്കു പക

രം, ഒരു വൈദികനെ തന്നെ സഹോദരനായി ദൈവം അവൾക്ക് നിശ്ചയിച്ചുകൊടുത്തു. ഈ സംഗതി ഒരു ദൈവികമായ സന്തോഷത്താൽ അവളെ നിറച്ചു എന്നു പറയേണ്ടതില്ലല്ലോ. അവൾ പല പല ആത്മാക്കളുടെ ആത്മീയമാതാവായിരുന്നു എന്നാണ് പറയേണ്ടത്. അവളുടെ ധീരപ്രവൃത്തികൾ വഴിയായിട്ടു എന്തുമാത്രം പ്രേഷകജോലിയാണ് നിർവ്വഹിക്കപ്പെടാനുണ്ടായിരുന്നത്. സാക്ഷാൽ ഒരു ക്രൂശുയോദ്ധാവിന്റെ തീക്ഷ്ണത അവളിൽ സദാ കാണപ്പെട്ടിരുന്നു. അതു മുഖാന്തിരം രക്ഷകനുവേണ്ടി ആത്മാക്കളെ രക്ഷിക്കുന്നതിനായി യുദ്ധക്കളത്തിൽ മരിക്കുന്നതിനുപോലും അവൾ അതിയായി ആഗ്രഹിച്ചിരുന്നു. "ഒരു പട്ടക്കാരനാകുന്നതിനുള്ള ഭാഗ്യം എനിക്ക് സിദ്ധിച്ചിരുന്നെങ്കിൽ!! ഹാ! എന്റെ ഈശോയെ! എന്റെ വചനങ്ങൾ നിന്നെ സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കു ആനയിക്കുമ്പോൾ, എത്ര സന്തോഷത്തോടെ, എന്റെ കരങ്ങളിൽ നിന്നെ ഞാൻ വഹിക്കുമായിരുന്നു. എത്ര സ്നേഹത്തോടെ നിനക്ക് ആത്മാക്കളെ ഞാൻ പ്രദാനം ചെയ്യുമായിരുന്നു. വേദപാരംഗതന്മാരെപ്പോലെയും പ്രവാചകന്മാരെപ്പോലെയും ഞാൻ അവക്ക് സജീവപ്രദീപമായി പ്രശോഭിച്ചേനെ. അങ്ങേ നാമത്തെ പ്രശംസിക്കുവാനായി ഞാൻ സർവ്വലോകത്തിലും യാത്ര ചെയ്യുമായിരുന്നു. ഓ! എന്റെ സ്നേഹ ഭാജനമേ! അജ്ഞാന ഭൂമിയിൽ അങ്ങേ മഹിമയുടെ പതാകയാകുന്ന കുരിശിനെ നാട്ടുക. ഒരു യാത്ര എന്നെ തൃപ്തിപ്പെടുത്തുകയില്ല. അങ്ങേയുടെ സുവിശേഷത്തെ ലോകത്തിന്റെ അതൃത്തികൾവരെ- പോരാ വിദൂരങ്ങളായ ദ്വീപങ്ങളിൽക്കൂടെയും ഞാൻ പരത്തും. ഞാൻ ഒരു പ്രേഷിതയായിരിക്കും. കുറെ ദിവസങ്ങൾക്കായിട്ടല്ല. കഴിയുമായിരുന്നെങ്കിൽ ലോകാരംഭം മുതൽ അവസാനംവരെ എന്റെ പ്രേഷകവൃത്തിയെ ഞാൻ നിർവ്വഹിക്കുമായിരുന്നു. അതാണ് എന്റെ ആഗ്രഹം." എന്നാണ് അവൾ പറഞ്ഞിരുന്നത്.

ഇൻഡ്യയുടെ അപ്പസ്തോലനേപ്പോലെ അവളുടെ സ്നേഹകരച്ചിൽ 'ആത്മാക്കൾ- ആത്മാക്കൾ' എന്നായിരുന്നു. ഒരാത്മാവിനെക്കുറിച്ചല്ല അവൾ പ്രലപിച്ചത് പിന്നെയോ രക്ഷകനോട് 'ആത്മാക്കൾ' അടുത്തുവരുവാനായിട്ടാണ് അവൾ മുറയിട്ടിരുന്നത്. 'എനിക്ക് ദാഹിക്കുന്നു' എന്ന നമ്മുടെ ദിവ്യരക്ഷകന്റെ തിരുവചനങ്ങൾ അവളുടെ കർണ്ണങ്ങളിൽ സദാ പ്രതിധ്വനിച്ചിരുന്നു. തൻമൂലം ആദ്ധ്യാത്മീകദാഹത്താൽ അവൾ സദാ വലഞ്ഞിരുന്നു. "സ്നേഹം അസാദ്ധ്യമായതുകളെ കണ്ടെത്തുകയില്ലെന്നു" തോമ്മസ് അക്കെമ്പീസ് സാക്ഷിക്കുന്നുണ്ടല്ലോ. ആത്മരക്ഷയെ നേടുന്നതിന് അവളെ അതിയായി പ്രേരിപ്പിച്ചുകൊണ്ടിരുന്നത് മ്ശിഹായുടെ മേലുള്ള സ്നേഹം ഒന്നു മാത്രമായിരുന്നു.

വാനാത്രപികളേക്കാൾ ശ്രേഷ്ഠരായ വൈദികർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നത് ശിശുവിനടുത്ത നിഷ്കപടതയോടായിരുന്നു. "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു" എന്നു ന: ദിവ്യരക്ഷകൻ അരുളിച്ചെയ്ത ആ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു അവളുടെ പ്രഥമവും പ്രധാനവുമായ ജോലി. ദിവസേനയുള്ള അവളുടെ പ്രാർത്ഥനകളും പരിത്യാഗപ്രവൃത്തികളും പ്രസ്തുത നിയോഗത്തിനായി അവൾ കാഴ്ചവെച്ചിരുന്നു. തങ്ങളുടെ വചനങ്ങൾ വഴിയായിട്ടും, ദൃഷ്ടാന്തങ്ങൾ വഴിയായിട്ടും ആത്മാക്കളെ നേടുന്ന ആ പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു മഹാ പ്രേഷിതയായിരുന്നു അവൾ. ഈ വൈദികരാകുന്ന ഉപകരണം വഴിയായിട്ടായിരുന്നു അവൾ ആത്മാക്കളെ നേടിയിരുന്നത്.

ഒരിക്കൽ ദൈവനീതിക്ക് പരിഹാരം ചെയ്യേണ്ടവരായ ആത്മാക്കളുടെ ദുർദശയെപ്പറ്റി അവൾ ധ്യാനിച്ചുകൊണ്ടിരിക്കുകയിൽ അവരെ- അതെ പാപികളെ- അതിൽനിന്നും അകററുന്നതിനായി അവളുടെ ഹൃദയാന്തർഭാഗത്തുനിന്ന് ഇപ്രകാരം നിലവിളിച്ചുപറഞ്ഞു. "ഓ!! ദിവ്യനാഥാ! അങ്ങേയുടെ നീതികൊണ്ടുമാത്രം എങ്ങിനെയാണ് ദഹനബലിയെ സ്വീകരിക്കുന്നത്? അ

ങ്ങേയുടെ അതിരററ അനുഗ്രഹംകൂടെ വേണ്ടയോ? ഈ അനുഗ്രഹത്തെ അല്ല യോ അവർ അറിയാതിരിക്കുന്നതു്? ഇതിനെ അല്ലയോ അവർ ധിക്കരിച്ചു നടക്കുന്നതു്? അവിടുത്തെ വരപ്രസാദങ്ങളെ ധാരാളമായി പൊഴിയുന്ന ഹൃദയങ്ങൾ അങ്ങേ അനുഗ്രഹത്തിൻെറ തിരുകരങ്ങളിൽ നിപതിക്കുന്നതിനു പകരം ക്ഷണികമായ ലൗകിക സന്തോഷ സൗഭാഗ്യങ്ങളെ ആസ്വദിക്കുന്നതിനായി സൃഷ്ടങ്ങളിലേക്ക് പറഞ്ഞുകൊണ്ടിരിക്കുന്നു. അവിടുത്തെ നീതി നിശ്ചയമായും ഭൂമിയിൽ നിറവേറണമെന്നിരിക്കുകയിൽ അതിനെക്കാൾ എത്രയോ അധികമായിട്ടു് അങ്ങേ അനുഗ്രഹം ആത്മാക്കളെ സ്നേഹാഗ്നി ജ്വാലയാൽ കത്തിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ അവിടുത്തെ അനുഗ്രഹം സ്വർഗ്ഗംവരെ എത്തുന്നതാകുന്നു."

ഇപ്രകാരമുള്ള അവളുടെ പ്രേഷകശുഷ്കാന്തി വേണ്ടുംവണ്ണം തെളിയിച്ചു കാണിക്കുന്നതിന് പരിയാപ്തമായ ഒരു സംഭവം അവളുടെ ദീനവാരത്തിൽ നടന്നിട്ടുണ്ട്. ഒരിക്കൽ ദീനക്കാരെ ശുശ്രൂഷിക്കുന്ന സഹോദരി 'ദിവസവും തോട്ടത്തിൽ കുറേശ്ശേ നടക്കുന്നതു് നല്ലതാണ്' എന്നു ത്രേസ്യായോട്ട് പറഞ്ഞു. ഇപ്രകാരമുള്ള ഒരു പ്രവൃത്തി അവളുടെ അപ്പോഴത്തെ ദീനാവസ്ഥയിൽ വളരെ വിഷമതയേറിയ ഒന്നായിരുന്നു എങ്കിലും ബുദ്ധിമുട്ടിനെ വകവെക്കാതെ തോട്ടത്തിൽ വളരെ പ്രയാസപ്പെട്ടു നടന്നു കൊണ്ടിരുന്നു. ഇതു കണ്ട വേറൊരു സഹോദരി ഉടനെ "ത്രേസ്യായെ! അശ്വസിക്കുകയാണ് നല്ലതു്. നീ വളരെ വിഷമതയിൽ എത്തിയിരിക്കുന്നതുകൊണ്ടു് നടപ്പ് ഒരിക്കലും നിനക്കു് സുഖത്തെ പ്രദാനം ചെയ്യുകയില്ല. നീ നിന്നെത്തന്നെ കഷ്ടപ്പെടുത്തുകയാണു് ചെയ്യുന്നതു്." എന്നു പറഞ്ഞു. "ശരി തന്നെ. എനിക്ക് ശക്തിതരുന്നതു് എന്താണെന്നു നിങ്ങൾക്കറിയാമോ? വിദൂരമായ സ്ഥലത്തു വേലചെയ്തു ബുദ്ധിമുട്ടിയിരിക്കുന്ന ഒരു പ്രേഷിതനു് ആശ്വാസം നൽകുന്നതിനായി ഞാൻ എൻെറ ഓരോ അടികളുംദൈവത്തിനു കാഴ്ചവെയ്ക്കുകയാണ് ചെയ്യുന്നതു". എന്നു അവൾ പ്രത്യുത്തരമായി പറഞ്ഞു. കണ്ടാലും!! ആദ്ധ്യാത്മീക ദാഹത്താൽ വലഞ്ഞിരിക്കുന്ന അവളുടെ ദൃഷ്ടാന്തം എത്രയൊ അനുകരണീയമായിരിക്കുന്നു. ആത്മരക്ഷക്കായി യാതൊരു സഹായവും ചെയ്വാൻ നമുക്കു പാടില്ലാത്ത അവസരത്തിൽ നാം നിമിഷംതോറും എന്നപോലെ അനുഭവിക്കുന്ന കഷ്ടപ്പാടുകളേയുംചെയ്യുന്ന ഓരോ വേലകളേയും പ്രേഷിതക്ക് ശക്തികിട്ടുവാനായി ദൈവത്തിനു സമർപ്പിക്കുവാൻ നമുക്കും പാടില്ലയോ? ഇപ്രകാരമുള്ള സഹായം പണ്ഡിതനോ പാമരനോ കുബേരനോ കുചേലനോ എന്നുള്ള വ്യത്യാസലേശംകൂടാതെ എല്ലാവക്കും ഒരുപോലെ ചെയ്വാൻ സാധിക്കുന്ന ഒന്നു തന്നെയാകുന്നു. ഇതും ചെറുപുഷ്പത്തിൻെറ ആത്മരക്ഷയ്ക്കുള്ള ഒരു കുറുക്കുവഴിതന്നെ. സംശയമില്ല. ആകയാൽ 'എനിക്ക് ദാഹിക്കുന്നു' എന്നു കുരിശിൽ കിടന്നു ആവലാധിപറഞ്ഞ ന. ദിവ്യരക്ഷകനെ ഈദൃശ പ്രവൃത്തികൊണ്ടു് നമുക്കും സഹായിക്കാം.

# സൈന്യങ്ങൾ കർത്താവിനെ ആരാധിക്കുന്നു.

(W. C. D.)



ജർമ്മനിയും ഫ്രാൻസും തമ്മിൽ 1870-ൽ ഒരു വലിയ യുദ്ധമുണ്ടായി. ജർമ്മൻകാർ ലോറെയിനിലേക്കു കടന്നു. ലോറെയിനിലെയും അൽസെയിസിലെയും ജനങ്ങൾ ഭയാക്രാന്തരായി. ജർമ്മൻകാരെക്കുറിച്ചു പല അവാസ്തവ പ്രസ്താവനകളും ഫ്രഞ്ചുപത്രങ്ങളിൽ പരസ്യംചെയ്കയും അതെല്ലാം ഭയവിഹ്വലരായ ജനങ്ങൾ വിശ്വസിക്കയും ചെയ്തിരുന്നു.

സൈന്യങ്ങൾ സാമാന്യം ഗതാഗതം ചെയ്തിരുന്ന വഴികളിൽനിന്നു കുറെ അകലെയായി ലൊറെയിനിലെ ഒരു ചെറിയ ഗ്രാമത്തിലെ ജനങ്ങൾ ശത്രുസൈന്യങ്ങളെക്കുറിച്ചുള്ള ഭയംനിമിത്തം വയലുകളിൽ കൃഷിയ്ക്കാകട്ടെ തൊഴിൽശാലകളിൽ വേലയ്ക്കാകട്ടെ പോകാതെ വീട്ടുകളിൽത്തന്നെ പാർത്തിരുന്നു. പൊന്നും വെള്ളിയും വിലയേറിയ സാമാനങ്ങളും അവർ ഒളിച്ചുവെയ്ക്കയോ ഭൂമിയിൽ കുഴിച്ചിടുകയോ ചെയ്തശേഷം നിവൃത്തിയുണ്ടായിരുന്നവരെല്ലാം ആ ഗ്രാമംവിട്ട് ഓടിക്കളഞ്ഞു. എന്നാൽ ഓടിപ്പോകാൻ നിവൃത്തിയില്ലാതെ താമസിച്ചിരുന്നവർ സദാ ശത്രുക്കളുടെ ആക്രമണത്തെ ഭയന്നു പാർത്തിരുന്നു.

അങ്ങിനെയിരിക്കെ ഒരുദിവസം ഉച്ചകഴിഞ്ഞു അടുത്തുള്ള ഒരു വയലിൽനിന്നു ഒരു മനുഷ്യൻ ഗ്രാമത്തിലേക്കു പാഞ്ഞുവന്നു "ശത്രുക്കൾ വന്നുകഴിഞ്ഞിരിക്കുന്നു. അതാ ആ കുന്നുമ്പുറത്തുകൂടി അവർ ഇങ്ങോട്ടു കുതിരയോടിച്ചുവരുന്നതു ഞാൻ കണ്ടു. ഒരു മണിക്കൂറിനകം അവർ ഇവിടെ വന്നുചേരും" എന്നു വളരെ സംഭ്രമപൂർവ്വം അറിയിച്ചു.

സ്ത്രീകളും കുട്ടികളും ഭയന്നു കരഞ്ഞുതുടങ്ങി. പ്രായം ചെന്നവർ എന്തുചെയ്യണമെന്നറിയാത്തവരായി സ്തംഭിച്ചുനിന്നുപോയി. നമുക്കു അപകടസൂചകമായി പള്ളിമണി അടിയ്ക്കാം എന്ന് ഒരാൾ പറഞ്ഞു.

വേണ്ട, നാം എതിർക്കാൻ തുനിയുന്നതു് അപകടമാണ്. നിങ്ങൾ സമാധാനമായി താന്താങ്ങളുടെ വീട്ടുകളിലേക്കുപോയി ദൈവത്തോടു പ്രാർത്ഥിച്ചുകൊള്ളണം. ഈ അപകടം നീങ്ങിപ്പോകും. ദൈവം നമ്മെ സഹായിക്കാതിരിക്കയില്ല എന്ന് ഒരു വൃദ്ധൻ പറഞ്ഞു് എല്ലാവരെയും സമാശ്വസിപ്പിച്ചു.

പള്ളിയിൽ വി. കുർബ്ബാന എഴുന്നള്ളിച്ചു വച്ചിട്ടുണ്ടല്ലൊ. ആ ദുഷ്ടന്മാർ നമ്മുടെ കർത്താവിനെ മോഷ്ടിച്ചുകൊണ്ടുപോയി തന്നെ നിന്ദിക്കും. നമുക്കെങ്ങിനെയെങ്കിലും വി. കുർബാനയെ സംരക്ഷിക്കണം എന്ന് ഒരു സ്ത്രീ പറഞ്ഞു.

സംഭ്രമചിത്തരായി എല്ലാവരും അന്യോന്യം നോക്കിനിന്നിട്ടു പള്ളിയിലേക്കു വേഗം പോയി. ദൈവമേ! അച്ചൻ പള്ളിമുറിയിലില്ല. ഒരു മണിക്കൂർമുമ്പു മലയുടെ ചെരിവിൽ ആസന്നമരണനായിക്കിടക്കുന്ന ഒരുകൃഷിക്കാരന്റെ അടുക്കലേക്കു അദ്ദേഹം പോയിരിക്കയാണ്. സന്ധ്യയ്ക്കുമുമ്പായി അദ്ദേഹം മടങ്ങിവരുമോ എന്നറിഞ്ഞുകൂടാ. അതിനിടയിൽ ഒരുപക്ഷെ ശത്രുക്കൾ വന്നുകഴിയും.

അപകടനിവാരണത്തിനു മാർഗ്ഗമെന്താണ്. പട്ടക്കാരന്റെ അഭിഷേകം ചെയ്ത കൈകൾക്കല്ലാതെ വി. കുർബാ

നയെ തൊടുന്നതിന് യോഗ്യതയുള്ളത് ആർക്കാണ്. കർത്താവെ ഞങ്ങളെ സഹായിക്കണമെ എന്നു പ്രാർത്ഥിച്ചുകൊണ്ട് അവർ മുട്ടുകുത്തി സാഷ്ടാംഗനമസ്കാരം ചെയ്തു.

ഏറെത്താമസിയാതെ ഒരുത്തൻ ഒരു കുട്ടിയെ എടുത്തുംകൊണ്ട് പീഠത്തിങ്കലേക്ക് അടുത്തുവന്നു. അയാളുടെ മുഖം മ്ലാനമായിരുന്നു. അയാൾ സഗൽഗദം പറഞ്ഞു. സ്നേഹിതരെ ഇനി നേരമില്ല, ശത്രുക്കളുടെ നിന്ദയ്ക്കും ദൈവദൂഷണത്തിനും അധീനമാകുന്നതിനു നമ്മുടെ ദിവ്യരക്ഷകനെ ഇവിടെത്തന്നെ വെയ്ക്കാൻ നിവൃത്തിയില്ല. ഇവിടെ പട്ടക്കാരാരുമില്ല. നമ്മുടെ അശുദ്ധവും പാപത്താൽ മലിനീകൃതവുമായ കൈകൊണ്ടു ഏററം പരിശുദ്ധനെ തൊടുന്നതിനു പ്രായംചെന്നവരായ നമ്മിൽ ആരും ധൈര്യപ്പെടുന്നില്ല. എന്നാൽ ഒരു ശിശുവിൻെറ നിർമ്മലകരങ്ങൾ കർത്താവിനെ വഹിക്കട്ടെ. വേഗം തിരുമന്ദിരത്തിൻെറ താക്കോൽ കൊണ്ടുവരണം.

കപ്യാർ ഓടിപ്പോയി താക്കോൽ കൊണ്ടുവന്ന് തിരുമന്ദിരം തുറന്നു. മ്ലാനവദനനായ മനുഷ്യൻ പീഠത്തിന്മേൽ കയറി മുട്ടുകുത്തി നിന്നു കുട്ടിയെ കൈയിലെടുത്തു. അത്ഭുതത്താൽ കണ്ണുകൾ മിഴിച്ചു കുട്ടി തിരുമന്ദിരത്തിലേക്കു സൂക്ഷിച്ചുനോക്കി.

ജരാർദേ, മകനേ, ഈ സ്വർണ്ണവർണ്ണമായ മന്ദിരത്തിൽനിന്നു നീ ആ ചെറിയ പൊൻപാത്രം ശ്രദ്ധാപൂർവ്വം എടുത്തു ഭദ്രമായി പിടിച്ചുകൊള്ളണം. നമ്മുടെ സ്നേഹമുള്ള രക്ഷകൻ അതിൽ ഇരിപ്പുണ്ട് എന്നു പിതാവു പറഞ്ഞപ്പോൾ നമ്മുടെ സ്നേഹമുള്ള ഈശോ അല്ലയോ എന്നു കുട്ടി മൃദുസ്വരത്തിൽ മന്ത്രിച്ചു.

അതേ, ക്രിസ്മസ് പെരുന്നാളിൽ പുൽത്തൊട്ടിയിൽ കിടന്ന സ്നേഹമുള്ള ഈശോയെ നീ ഓർമ്മിക്കുന്നില്ലേ. ആ ഈശോതന്നെ. ഇവിടെ അദ്ദേഹം കുറേക്കൂടി ചെറുതായി സ്ഥിതിചെയ്യുന്നു. തന്നെ കാണുവാൻ നിനക്കു കഴികയില്ല. പക്ഷെ താൻ പരമാർത്ഥമായി ഇവിടെയുണ്ട്. ദുഷ്ടമനുഷ്യർ തന്നെ ഉപദ്രവിക്കുന്നതിനു ആഗ്രഹിക്കുന്നു. കുഞ്ഞേ, തന്നെ നീ ഇവിടെനിന്നെടുത്തു വേറെ ഒരു സ്ഥലത്തു കൊണ്ടുചെന്നുവെയ്ക്കണം.

അപ്പൻ മകനെ എടുത്തു പീഠത്തിൻെറ മുകളിൽ നിറുത്തി; കൊച്ചുജരാർദ് ശ്രദ്ധാപൂർവ്വം കുസ്തോദി രണ്ടു കൈകൾകൊണ്ടും എടുത്തു മാറോടു ചേർത്തു പിടിച്ചു. ജനങ്ങളെല്ലാവരും സാഷ്ടാംഗംചെയ്തു. ജരാർദിൻെറ കൈകൾ താങ്ങിപ്പിടിച്ചുകൊണ്ട് അവൻെറ അപ്പൻ അവനെ പീഠത്തിൽനിന്നു കീഴ്പ്പോട്ടിറക്കി. ആ വിശുദ്ധഭാരവും വഹിച്ചുകൊണ്ട് അപ്പനും മകനും കാട്ടുപ്രദേശത്തു പണിചെയ്തിരുന്ന ഒരു കപ്പേളയിലേക്കു പോയി. കൂടെ കപ്യാർ ഒരു വിളക്കു കത്തിച്ചുകൊണ്ടുപോയിരുന്നു. ശേഷമെല്ലാവരും നിശ്ശബ്ദരായി സ്വഭവനങ്ങളിലേക്കും പോയി.

പൊടുന്നനവേ കുതിരക്കുളമ്പുകളുടെ ശബ്ദം കേട്ടുതുടങ്ങി. ഒരുക്കൂട്ടം കുന്തക്കാർ കുതിരപ്പുറത്തു പട്ടണത്തിലേക്കു ഓടിച്ചുവന്നു. അവരിൽ ഒരുദ്യോഗസ്ഥൻ ഒരു പരസ്യം ചന്തസ്ഥലത്തുവെച്ചു തമുക്കടിച്ചു വിളംബരംചെയ്തു. ആ പട്ടണവാസികൾ ബഹളമുണ്ടാക്കാതിരിക്കുന്നപക്ഷം അവർക്കു ആൾനാശമാകട്ടെ വസ്തുനാശമാകട്ടെ നേരിടുകയില്ലെന്നായിരുന്നു പരസ്യത്തിൻെറ സാരം. തമുക്കടികേട്ടു ഭയവിഹ്വലരായ ജനങ്ങൾക്ക് ഇതു വളരെ ആശ്വാസജനകമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ.

നേരം അസ്തമിക്കാറായി. പട്ടാളക്കാരിൽ ഒരുവകുപ്പ് പള്ളിയിലേക്കുപോയി. എന്നാൽ അവർ പള്ളിമുററത്തുചെന്നപ്പോൾ ആശ്ചര്യപ്പെട്ടു അവിടെതന്നെ നിന്നുപോയി. പള്ളിവാതൽ തുറന്നുകിടന്നിരുന്നു. പീഠത്തിന്മേൽ തിരുമന്ദിരവും തുറന്നുകിടന്നിരുന്നു. തങ്ങളുടെ ദൈവം അവിടെ ഇല്ലെന്നു കണ്ടിട്ടു അവർക്കു വല്ലായ്മ ഉണ്ടായി. ആ ധീരന്മാരായ യോദ്ധാക്കൾക്കു അതൃപ്തിയും പരിതാപവും എല്ലാം ഉണ്ടായി. തങ്ങളുടെ രക്ഷകനെ തങ്ങളിൽനിന്നു മറച്ചുവെയ്ക്കുന്നതിനു എന്താവശ്യമായിരുന്നു എന്നു അവർ ചിന്തിച്ചു.

തൽക്ഷണം അവരിൽ രണ്ടുപേർ പട്ടക്കാരൻെറ അടുക്കലേക്കുചെന്നു ഒട്ടും താമസം കൂടാതെ വിശുദ്ധകുർബാന പള്ളിയിലേക്കു കൊണ്ടുവരണം എന്നാവശ്യപ്പെട്ടു. ഞങ്ങളുടെ കർത്താവ് ഞങ്ങളുടെ കൂട്ടത്തിൽ വേണം എന്നാണവർ പറഞ്ഞതു.

നിങ്ങൾ കത്തോലിക്കർ തന്നേയോഎന്ന് ആ വൃദ്ധനായ വൈദികൻ ചോദിച്ചു.

അതേ, നിങ്ങളേപ്പോലെതന്നെഞങ്ങളും കത്തോലിക്കരാണു. നമ്മുടെദൈവസന്നിധിയിൽ ഞങ്ങൾക്കു പ്രാർത്ഥിക്കണം; തൻെറ ആശീർവ്വാദവും ഞങ്ങൾക്കു വേണം നാളെ അതിരാവിലെ ഞങ്ങൾക്കു കുർബ്ബാന കാണണം. ഞങ്ങളിൽപലരും കുർബ്ബാനകൈക്കൊള്ളണമെന്നുംആഗ്രഹിക്കുന്നുണ്ട്.

ആ വൃദ്ധനായ വൈദികൻ സംസാരിക്കാൻ വശമില്ലാതെ കുറെനേരം നിന്നുപോയി. ഈ പടയാളികൾ എത്ര മര്യാദക്കാരാണ്, അവരിൽ പലരും നാളെ കുർബ്ബാന കൈക്കൊള്ളണം എന്നു കൂടെ പറയുന്നുവെല്ലൊ!

അദ്ദേഹം വേഗത്തിൽ അവരുടെ ആഗ്രഹം നിവൃത്തിച്ചുകൊടുത്തു. രണ്ടു പടയാളികളുടെ അകമ്പടിയോടു അദ്ദേഹം കാട്ടുപ്രദേശത്തുള്ള വി. അന്തോനീസിൻെറ കപ്പേളയിലേക്കുപോയി. ആ പടയാളികൾ ഭക്ത്യാദരപൂർവ്വംമുട്ടുകുത്തിയശേഷം രണ്ടു മെഴുകുതിരികൾ എടുത്തുകത്തിച്ചു അദ്ദേഹത്തിൻെറ ഇടത്തും വലത്തുമായി നടന്നുതുടങ്ങി. കാററുകൊണ്ടു തിരികൾ വേഗം കെട്ടു എങ്കിലുംഅവർ ഭക്തിപൂർവ്വം നടന്നതുകൊണ്ടു ആ പട്ടണവാസികൾ അത്ഭുതപ്പെട്ടു.

പിറേറദിവസം കാലത്തുപടയാളികൾക്കു കുർബാന കൊടുത്തു. കുർബാനയുടെ ശേഷം പട്ടക്കാരൻ ജനങ്ങളോടു ഒരുപദേശം പറഞ്ഞു. അദ്ദേഹം അവരോടുസമാധാന മായിരിക്കാൻ ഉപദേശിച്ചു. ശത്രുരാജ്യത്തിൽവെച്ചുകൂടെയും ആയുസ്സിൻെറയും മരണത്തിൻെറയും കർത്താവും വിജയത്തിലേക്കുള്ള നേതാവുമായ ഈശോയെ ഉൾക്കൊള്ളുന്നതിനു ഉത്സുകരായിരുന്ന ആ പടയാളികളുടെ ഭക്തിയേ അദ്ദേഹം പ്രശംസിക്കയും ചെയ്തു. നാം ക്രൂരന്മാരെന്നു ശങ്കിച്ച നമ്മുടെ ശത്രുക്കൾ ഇത്തരക്കാരാണു. ഇവരുടെ ദൃഷ്ടാന്തം നിങ്ങൾ അനുകരിക്കണം. കുർബാന കാണുന്നതിനും കുർബാനകൈക്കൊള്ളുന്നതിനും കൂടുതൽ ശ്രദ്ധ നിങ്ങൾക്കുണ്ടായിരിക്കണം. യുദ്ധത്തിൻെറ ഫലം എന്തായിരുന്നാലും ദൈവാശീർവ്വാദം നമ്മുടെ മേൽഉണ്ടാകാതിരിക്കയില്ല.

പിന്നീടും വളരെക്കാലത്തേക്കു ആ നല്ല പടയാളികളുടെ സ്മരണ ആപട്ടണത്തിലുണ്ടായിരുന്നു. ഫ്രഞ്ചിലെ പടയാളികൾ നിങ്ങളേക്കാൾദൈവപേടിയുള്ളവരായിരുന്നെന്നു ആവൈദികൻ പലപ്പോഴും പറകപതിവായിരുന്നു.

# ന. ക. പൂങ്കാവനധ്യാനം.

(ഒരു യുവകവി)

(പാന.)

ആദിയുമന്തമില്ലാത്ത ദൈവത്തി-
ന്നാത്മജനാം മിശിഹാ പണ്ടേകദാ
ലോകരക്ഷയ്ക്കായ് തൻ പൂവൽ മേനിയെ-
യേകുന്ന രാത്രൌ തെല്ലുമുറങ്ങാതെ

സാരമാമുപദേശത്താൽ ശിഷ്യരെ
സാരജ്ഞരാക്കി സംസാര സ്രഷ്ടകൻ
എങ്ങും നിശ്ശബ്ദം, പൂർണ്ണശശാങ്കനും (ൽ)
പൊങ്ങിവാനത്തിൽതൂവെള്ളികിണ്ണംപോ

അർദ്ധരാത്രി കഴിഞ്ഞു കർത്താവേശു
അസ്ഥലത്തു നിന്നുത്ഥാനം ചെയ്തുടൻ
ഒത്തുശിഷ്യത്രയങ്ങളാരക്ഷകൻ
തൽക്ഷണം കാട്ടും ഹസ്തസംജ്ഞയാലേ
മന്ദവേഗനായ് പൂകി പൂങ്കാവനേ
മന്ത്രിച്ചപ്പോളവരോടിദം യേശു:—
"കേൾക്കശിഷ്യരേ! എന്നകക്കാമ്പിപ്പോ-
ളുൾക്കടമാകും മൃത്യുദുഃഖത്താലേ
തിങ്ങിവിങ്ങിയുഴലുന്നപാരമായ്
നിങ്ങളെന്നോടൊത്തല്പം നേരത്തേയ്ക്കു
ധ്യാനയോഗ നിമഗ്നരായിട്ടുക
ധ്യാനിപ്പോനാകുമെൻപിതാ ചിന്തയിൽ"
എന്നരുൾചെയ്തനന്തരം തമ്പുരാൻ
മുന്നോട്ടല്പം കടന്നൊരു പാറമേൽ
മുട്ടുകുത്തിക്കമന്നു വീണയ്യയ്യോ!
മുട്ടിപ്പായിട്ടപേക്ഷ തുടങ്ങിനാൻ
സ്വേദബിന്ദുക്കൾ രോമകൂപങ്ങളിൽ
ഭേദമെന്യേയണഞ്ഞാമെയ്യാകവേ
പാടലവർണ്ണപട്ടാടയപ്പൊഴേ
പാടേമുങ്ങി വിയർപ്പാൽ പൊട്ടുന്നനേ
കർത്താവേശുവിൻ കല്പനകേൾക്കാതെ
കർത്തവ്യമൂഢരാകുമാശിഷ്യന്മാർ
ഗാഢനിദ്രയിൽ തന്നേകഴിക്കയാൽ
പാട്ടുപീഡ സഹിച്ച സർവ്വശക്തൻ
രാജാധിരാജനേശു മിശിഹാ! ചെ—
ന്നാരാൽ മൂവരേം കൊട്ടിവിളിച്ചുടൻ
"എന്തിദമെന്റെ വത്സല ശിഷ്യരേ
നൊന്തചിത്തമൊത്തെന്നോടണുപോലും
സ്നേഹമില്ലല്ലീ,യല്ലങ്കിലെന്നോടൊ—
ത്താഹന്ത!നിങ്ങൾചെറുധ്യാനിച്ചേനെ!"
രണ്ടുമൂന്നുതവണ സനാതനൻ—
രണ്ടാമാളായ പുത്രൻതമ്പുരാന്റെ
ശാസനാരൂപമാകുംവിളിയാലെ
ദാസർ മൂവരുമുത്ഥാനം ചെയ്തുടൻ
വീണ്ടുമേശുമണാളൻധ്യാനിപ്പാനായ്
ഇണ്ടലോടെശിലാതലം പൂകിനാൻ
അത്തരംനോക്കിയാശിഷ്യർമൂവരും
ആരംഭിച്ചാർ സുഖനിദ്ര തൽക്ഷണം
അല്പം സൂക്ഷിക്കാമിക്കുറിയേശുവി—
ന്നന്തരാത്മാപൊടിഞ്ഞീട്ടും പ്രാർത്ഥന
പാണികൾകൂപ്പിപ്പൊക്കി വിണ്ണിലേക്കായ്
ചേണാർന്നുള്ളചെന്താമരമൊട്ടുപോൽ
ഹന്ത! രക്തമാം സ്വേദബിന്ദുക്കളാ
ച്ചന്തം ചിന്തിട്ടും തോളിന്നിരുപാട്ടും
ഛിന്നഭിന്നമായ് പാറും ചികുരാഗ്രേ
മിന്നിതൽക്ഷണം പൊന്നലുക്കിട്ടപോൽ
തൽക്ഷണംകർത്താ കോൾമയിർകൊള്ളുന്നു
തൽക്ഷണം മേനിയാകെ വിറയ്ക്കുന്നു
ചിത്തഖേദം പൊറായ്കയാൽ രക്ഷകൻ—
ചിത്തതാരുത്തുടിയ്ക്കുന്ന തിതമായ്
ധാരധാരയായ് ചിന്തും കണ്ണീരോടും
ദീനദീനമായ് പ്രാവുപോൽ മൂളിയും
പാരംവാടിത്തളർന്ന വദനമൊ—
ട്ടാരും വീക്ഷിക്കിലപ്പോൾ കരഞ്ഞുപോം
"മൽപിതാവേ! കനിയുകതൂകണ്ണാൽ
മാമകദുഃഖപാനപാത്രത്തേനീ
എന്നിൽനിന്നു വിദൂരമാക്കീടണേ!
എന്നാലെൻമനസ്സല്ലാ ദയാസിന്ധോ!!
നിൻതിരുവടിയല്ലോയെന്നാലംബം
നിൻതിരുവാഞ്ഛയെന്തെന്നരുളണേ!"
മന്ദേതരമായിങ്ങനെ വാവിട്ടു
മൂന്നാംപ്രാവശ്യമർത്ഥിക്കയാലപ്പോൾ
കാണുമാറായി തേജപുഞ്ജമൊന്ന്
ഭാനുമാനേക്കാളേററം ശോഭാനമായ്
അല്ലാ, ആതേജസ്സിൻമൂലമോക്കിൽ
സ്വർല്ലോകനാഥദൂതൻ പ്രത്യക്ഷനായ്.
ചൊല്ലിയാദൂതൻസാന്ത്വനവാർത്തയാൽ
അല്ലലാകെയകററിനാൻസത്വരം
ഇത്ഥം സംപൂർണ്ണ സംതൃപ്ത്യാരക്ഷകൻ
ബദ്ധകങ്കണനായിപ്പുറപ്പെട്ടു
ഗാഢനിദ്രയിൽ, വീണ്ടും മുഴുകുന്ന
മൂഢശിഷ്യരെക്കണ്ടു വിഷണ്ണനായ്
അക്ഷണംവിളിച്ചേവമരുൾചെയ്താ—
നക്ഷയനിധിയാകുമത്തമ്പുരാൻ:—
"ഇന്നി, നിങ്ങളുറക്കമിളയ്ക്കേണ്ട
സന്നദ്ധനായ്ഞാൻ ദേഹംവെടിയുവാൻ
നാഴികയെത്തി,ഹാ! യെന്നരാതികൾ
നാലുദിക്കീന്നും ഹുങ്കാരം കേൾക്കുന്നു"
ഇച്ചരിതം വായിപ്പോർക്കും കേൾപ്പോർക്കു
ഇച്ഛപോലുണ്ടാം സർവ്വാർത്ഥസിദ്ധിയും
അന്ത്യകാലത്തു മുക്തിയും കൈവരും
സന്തതം സർവ്വശക്തനെ ദർശിക്കാം.

# സ്ലീവാദ്ധ്യയനം.

(S. B. T.)

ഈശോമ്ശിഹാ എല്ലാററിനും എല്ലാം ആകുന്നു. അവിടത്തെ ക്രൂശിക്കപ്പെട്ട സ്വരൂപം ഒരു പ്രകാശനം അഥവാ വെളിപാടാണ്. 'ഒരുവൻ എത്ര പ്രാവശ്യം ക്രൂശിക്കപ്പെട്ട ഈശോയുടെ സ്വരൂപത്തിന്മേൽ പശ്ചാത്താപത്തോടുകൂടി നോക്കുന്നുവോ അത്രയും പ്രാവശ്യം ഈശോമ്ശിഹായും അവനെ സാനുകമ്പം വീക്ഷിക്കുന്നു' എന്നാണു വിശുദ്ധ ജൽത്രൂദിനോടു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുള്ളത്. കൊർലിയോണിലെ വാഴ്ത്തപ്പെട്ട ബെർണ്ണാർദ് തന്റെ ഈ വിശിഷ്ട ഗ്രന്ഥപാരായണത്തിൽ ബദ്ധശ്രദ്ധനായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ സാക്ഷിക്കുന്നുണ്ട്. വി. ഫിലിപ്പ് ബെനീസി ഇതിനെ തന്റെ ഗ്രന്ഥമെന്നു അഭിധാനംചെയ്കയും, ഒടുവിൽ അതിനെ ആശ്ലേഷിച്ചു ചുംബിച്ചുകൊണ്ട് സസന്തോഷം മരണം പ്രാപിക്കുകയുംചെയ്തു. വി. അൽഫോൻസ് തന്റെ 77–ാമത്തെ വയസ്സിൽ ഈശോയുടെ ക്രൂശിക്കപ്പെട്ട രൂപത്തിന്മേൽനോക്കിക്കൊണ്ട് എഴുതീട്ടുള്ള ധ്യാനങ്ങൾ എന്നും സ്മരിക്കപ്പെടുകയും മനുഷ്യരിൽ ഗണ്യമായ ആദ്ധ്യാത്മികഫലം ഉല്പാദിപ്പിക്കുകയും ചെയ്യുന്നതാണ്. ഈ വിശിഷ്ട ഗ്രന്ഥപാരായണത്തിൽനിന്നുൽഭൂതമായിട്ടുള്ള ഫലം നിസ്സീമമാണ്. അതിനു ദൃഷ്ടാന്തമായി പല സംഭവങ്ങളുമുണ്ട്. ഒരുദിവസം വി. തോമ്മസ് അക്വിനാസ് തന്റെ സ്നേഹിതനും മഹാശാസ്ത്രിയുമായ വി. ബൊനവെന്തുരായെ സന്ദർശിച്ച അവസരത്തിൽ ഒരുത്തമസ്നേഹിതന്നടുത്ത വാത്സല്യത്തോടും നിഷ്കാപട്യത്തോടും വിനയത്തോടുംകൂടി ഇപ്രകാരം ചോദിക്കുകയുണ്ടായി: "സഹോദരാ എല്ലാവരും നിങ്ങളുടെ കൃതികളിൽ ഇത്രവളരെ ശ്ലാഘിക്കുന്ന ആ ഉൽകൃഷ്ടാശയങ്ങൾ നിങ്ങൾക്കെവിടെനിന്നാണുലഭിക്കുന്നത്?" ഉടനെതന്നെ വി.ബൊനവെന്തുരാ തന്റെ ക്രൂശിക്കപ്പെട്ട യേശുവിന്റെ തിരുസ്വരൂപം ചൂണ്ടിക്കാണിച്ചുകൊണ്ട് "അതാ, ആ കാണുന്ന പുസ്തകത്തിൽനിന്നാണ് എനിക്ക് അവയൊക്കെ കിട്ടുന്നത്" എന്നുത്തരം പറഞ്ഞു. ഈ മറുപടി വി. തോ. അക്വിനാസിലും ഉൽകൃഷ്ടഫലങ്ങളെ ഉല്പാദിപ്പിക്കാതിരുന്നില്ല. ഈ മഹൽഗ്രന്ഥം പാരായണം ചെയ്യുന്നതിൽ വി. ബൊനവെന്തുരായ്ക്കുണ്ടായിരുന്ന വിദഗ്ദ്ധത ഒന്നുവേറെതന്നെയായിരുന്നു. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന കുരിശുരൂപം ഭക്തിപൂർവ്വകവും നിരന്തരവുമായ ചുംബനം മൂലം തീരെ തേഞ്ഞുപോയിരുന്നു. അദ്ദേഹം അതിൽനിന്നു പഠിച്ച പാഠങ്ങൾ മററു സത്യവിശ്വാസികൾക്കുപോലും എത്രകണ്ട് അത്ഭുതാവഹവും ജ്ഞാനസംവർദ്ധകവും ആയിരുന്നുഎന്നുള്ളത് പുണ്യവാനെ പരിചയമുള്ള ഏവനും സുജ്ഞേയമാണു. ഈ വിശിഷ്ടഗ്രന്ഥത്തിലെ ഭാഷയോ അർത്ഥഗാംഭീര്യമോ എല്ലാവർക്കും ഒരേ അളവിൽ പഠിച്ചറിയാവുന്നതല്ല. ഏതാനും ചില വിശേഷ വരപ്രസാദസിദ്ധന്മാർക്കു മാത്രമേ അതിന്റെ അതിഗഹനമായ അർത്ഥം ഗ്രഹിപ്പാൻ കഴികയുള്ളൂ. പിത്താഗൊറാസ് എന്ന താത്വികൻ നിശാനിശ്ശബ്ദതയിൽ ആകാശഗോളങ്ങളുടെ വൈശിഷ്ട്യത്തെ ധ്യാനിച്ചറികയുണ്ടായി. ജെനേല്യൂസ് മനുഷ്യനാഡികൾ പരിശോധിക്കയിൽ സ്രഷ്ടാവിന്റെ മഹത്വത്തെ വിളിച്ചുപറയുന്ന ഒരു മനോജ്ഞമായ സ്തോത്രഗീതമാണ് കണ്ടെത്തുവാൻ സംഗതിയായത്. വി. ശ്ലീഹായുടെ അനുശാസനകളെ അല്പമായിട്ടെങ്കിലും പഠിക്കുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള സകല ക്രിസ്ത്യാനികൾക്കും മ്ശിഹായുടെ ക്രൂശിക്കപ്പെട്ട സ്വരൂപമാകുന്ന

ഈ മഹൽഗ്രന്ഥം വായിക്കുവാനും അതിൽ ശരണവും ആശ്വാസവും സ്നേഹവും പ്രാപിപ്പാനും അനായാസേന സാധിക്കും.

ഈ ഉൽകൃഷ്ടഗ്രന്ഥത്തിന്റെ എല്ലാപക്ഷങ്ങളും എല്ലാവക്കും സുഗ്രഹങ്ങളല്ലാതിരിക്കുന്നതിനു കാരണങ്ങൾ ഇല്ലാതില്ല. "ഈശോമ്ശിഹാ ദൈവത്തിന്റെ ശക്തിയും ദൈത്തിന്റെ ജ്ഞാനവും" (1 ക്രുറന്ത. 124) ആകുന്നുവെന്ന് വി. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കയിൽ ആ രഹസ്യത്തെക്കുറിച്ച്- അതെ, ദൈവം അപമാനകരമായ കുരിശുമരണം കയ്യേററു എന്ന ആ പരമരഹസ്യത്തിന്റെ അതി തുംഗതയേയും അത്യഗാധതയേയും കുറിച്ചുള്ളവ സകലതും അറിവാൻ കഴിവുള്ളവരുടെ തുക തുലോം തുഛമാണെന്നു പറയുന്നതിൽ എന്തൊരത്ഭുതമാണുള്ളത്! എങ്കിലും നമ്മാൽ കഴിവുള്ളിടത്തോളം പഠിച്ചറിയുന്നത് നമ്മുടെ നിത്യസൗഭാഗ്യത്തിന് വേണ്ടുവോളം മതിയായിരിക്കുന്നു എന്നുള്ള വിശ്വാസം മനസ്സിൽ കടക്കാതെയും അതിനു വേണ്ടുന്ന യത്നം ചെയ്യാതെയുമിരിക്കുന്നതാണ് കഷ്ടാൽ കഷ്ടതരം! ആകയാൽ സാക്ഷാത്തായ നിത്യാനന്ദം അനുഭവിക്കേണമെന്നാഗ്രഹിക്കുന്നവരെ, വരുവിൻ. നമ്മുടെ രക്ഷയുടെ ഏകവിഷയമായിരിക്കുന്ന ക്രൂശിക്കപ്പെട്ട ഈശോയെ നമുക്ക് സശ്രദ്ധം പഠിച്ചറിയാം. ഇതിലേയ്ക്ക് തന്റെ ദിവ്യലക്ഷണങ്ങളെയെല്ലാം വേണ്ടുംവണ്ണം അറിവാൻഭാഗ്യം സിദ്ധിച്ച പരിശുദ്ധ കന്യകമറിയം നമുക്ക് ഒരു പ്രത്യേക സഹായിയായിരിക്കുന്നതാണ്. ഇതിന് അവിടുന്ന് ഈ അമ്മയെ നിയോഗിച്ചിട്ടുമുണ്ട്. ഈശോയുടെ തിരുമുഖത്തോട് അനിതര ശിഷ്യസാധാരണമായ ഭക്തി പ്രദർശിപ്പിച്ചിരുന്ന വി. പത്രോസിന്റെ സാഹായ്യവും നമുക്കുണ്ടാകാതിരിക്കയില്ല. നമ്മുടെ ദിവ്യരക്ഷകൻ നമ്മെ വിളിച്ച് "എന്റെ തിരുമുഖത്തെ നിങ്ങൾ അന്വേഷിപ്പിൻ" എന്നരുളിച്ചെയ്യുമ്പോൾ "കർത്താവേ, അങ്ങേ തിരുമുഖത്തെ ഞങ്ങൾ അന്വേഷിക്കുന്നു" എന്ന് നമുക്കും മനക്കുടിക്കൂടാതെ ഉത്തരം പറയാം.

കുരിശിന്റെ വഴിയോളം ഉൽകൃഷ്ടവും അപായരഹിതവുമായ മാർഗ്ഗം വേറെയില്ലെന്നുള്ളതിനെക്കുറിച്ച് ക്രിസ്താനുകരണകർത്താവ് പറയുന്നതു കേട്ടാലും: "ഇതാ, കുരിശ് സമസ്തവും ആകുന്നു; അതിന്മേൽ മരിക്കുന്നതിൽ എല്ലാം അടങ്ങിയിരിക്കുകയും ചെയ്യുന്നു. ആയുസ്സിലേയ്ക്കും, പരമാർത്ഥമായ ഉൾസമാധാനത്തിലേക്കും ഉള്ള വഴി വിശുദ്ധ കുരിശിന്റെയും പ്രതിദിന ആശാനിഗ്രഹത്തിന്റെയും വഴിയല്ലാതെ വേറെ ഇല്ല. നിനക്ക് മനസ്സുള്ളെടത്തു പോക, നിനക്കു മനസ്സുള്ള എന്തെങ്കിലും അന്വേഷിക്ക; എങ്കിലും ശുദ്ധ കുരിശിന്റെ വഴിയല്ലാതെ മേലെ അതിലും ഉയർന്നതും കീഴെ അതിലും ഭദ്രമായതുമായ വേറെമാർഗ്ഗം നീ കണ്ടെത്തുകയില്ല. നിനക്ക് ഇഷ്ടമുള്ള പ്രകാരത്തിലും ഉത്തമമെന്നു തോന്നുന്ന വിധത്തിലും സകലതും ശരിയായി ക്രമപ്പെടുത്തിക്കൊൾക. എങ്കിലും മനസ്സോടുക്കൂടെയൊ കൂടാതെയോ എല്ലായ്പ്പോഴും വല്ലതും സഹിപ്പാൻ നിനക്കുണ്ടാകാതിരിക്കയില്ല; ഇപ്രകാരം നീ എല്ലായ്പ്പോഴും കുരിശിനെ കണ്ടെത്തുകയുംചെയ്യും." (ക്രിസ്താനുകരണം പുസ്ത. ൨. അ. ൧൨.) ആകയാൽ 'ഈശോമ്ശിഹാ എല്ലാററിനും എല്ലാമാകുന്നു' എന്ന മുദ്രാവാക്യം നമ്മിൽ ഏവരിലും അർത്ഥവത്തായിത്തീരുവാൻ വേണ്ടി അവിടുത്തെ ക്രൂശിക്കപ്പെട്ട സ്വരൂപത്തിന്മേൽ എന്നും പ്രത്യേകം ഈ നോമ്പുകാലത്തിലും ധ്യാനിച്ച് നമുക്ക ആത്മീയ സമാധാനവും ജന്മസാഫല്യവും വരുത്താം.

# വി. കുർബ്ബാനയുടെ മാഹാത്മ്യം.

## ഒരത്ഭുത സംഭവം.

(ശ്രീമാൻ ആർ. ആൻറണി തൊകലത്ത്.)

സ്പെയിൻകാരനായ ഇസിദോർ മാഡ്റിഡിലെ ഒരുപ്രഭുവിൻെറ വയലുകളിൽ ഉഴവുകാരനായിരുന്നു. നിലം ഉഴുന്നതിൻെറ പ്രതിഫലമായി പ്രഭു കൊടുക്കുന്ന സ്വല്പമായ ഒരു ശമ്പളത്തുക കൊണ്ടാണ് ഇസിദോർ തൻെറ അഹോവൃത്തികഴിച്ചുകൂട്ടിവന്നിരുന്നത്.

പ്രഭാതം മുതൽ പ്രദോഷംവരെയാണല്ലൊ സാധാരണമായി കൃഷിക്കാരുടെ ജോലിസമയം. ഉച്ചക്ക് പത്തൊ പതിനഞ്ചൊ മിനിട്ട ഭക്ഷണം കഴിക്കുവാൻ വേണ്ടി കൂലിക്കാർ ഒഴിവ് എടുക്കുന്നതുതന്നെ ചില കൃഷിയുടമസ്ഥന്മാക്ക് സന്തോഷാവഹമല്ല.

കാൎയ്യം ഇങ്ങനെയൊക്കെയാണെങ്കിലും ഇസിദോർ നേരം പുലന്നാൽ വി. കുർബ്ബാന കണ്ടതിൻെറ ശേഷമല്ലാതെ ഒരിക്കലും ജോലിക്കുപോകാൻ സന്ധനായിരുന്നില്ല.

ഇസിദോരിൻെറ കൂട്ടുവേലക്കാൎക്ക അയാളുടെ ഈ കൃത്യനിഷ്ഠയിൽ അസൂയതോന്നി. അതിൻെറ ഫലമായി അവർ പ്രഭുവിൻെറ അടുത്തു ചെന്നു കാൎയ്യം മനസ്സിലാക്കാൻതീർച്ചപ്പെടുത്തി. ഇസിദോർ കാലത്തു പള്ളിയിൽ ചെന്നു കുർബ്ബാന കണ്ടല്ലാതെ വയലിലേക്കു ജോലിചെയ്യാൻ വന്നുകാണുന്നില്ലെന്നും അതുകൊണ്ടു വേല കൃത്യമായി നടക്കുന്നില്ലെന്നും അവർ പ്രഭുവിനോടു പറഞ്ഞു. പാടങ്ങൾ ശരിയായി ഉഴുതുമറിക്കുവാനുള്ള സമയം അനാവശ്യ വ്യയം ചെയ്യുന്നതുകൊണ്ടു വിളവു കുറഞ്ഞുപോകുമെന്നും അതിനുള്ള കാരണക്കാരൻ ഇസിദോരാണെന്നും അറിഞ്ഞപ്പോൾ പ്രഭു അത്യധികം കോപിച്ചു വേലക്കാരനെ വരുത്തി വിവരം ചോദിച്ചു.

"യജമാനനെ! ഞാൻ അങ്ങയുടെ ഒരു ഭൃത്യനാണെന്നു എനിക്കറിയാം. എന്നാൽ എനിക്കു വേറെ ഒരു യജമാനൻകൂടിയുണ്ട്. അദ്ദേഹത്തെ അനുസരിക്കേണ്ടതും അദ്ദേഹത്തിവേണ്ടി വേല ചെയ്യേണ്ടതുംകൂടി എൻെറ കത്തവ്യങ്ങളിൽ പെട്ടതാണ്. അതുകൊണ്ടു പ്രിയ യജമാനനെ! ഞാൻ അങ്ങേയ്ക്കുവേണ്ടി ജോലിചെയ്യേണ്ടതായ സമയത്തിൻെറ വല്ല ഭാഗവും കുർബ്ബാനകാണുന്നതിനായി ചെലവുചെയ്തു കളയുന്നതായി തോന്നിയിട്ടുണ്ടെങ്കിൽ അങ്ങനെ നഷ്ടപ്പെട്ടുപോകുന്ന സമയത്തിൻെറ വീതപ്രകാരമുള്ള തുക ശമ്പളത്തിൽനിന്നും കിഴിച്ചു ബാക്കിമാത്രം എനിക്കു തന്നാൽ മതി ഞാൻ അതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാം." എന്നായിരുന്നു ഇസിദോരിൻെറ മറുപടി.

പ്രഭു ഇതുകേട്ടു തൃപ്തിജനകമായ യാതൊരു മറുപടിയും പറഞ്ഞില്ല. ഇസിദോർ മടങ്ങിപ്പോരുകയും ചെയ്തു.

ഒരുദിവസം പ്രഭു സംഗതിയുടെ വാസ്തവസ്ഥിതി മനസ്സിലാക്കേണമെന്നു തീരുമാനിച്ചു. ഇസിദോർ ഏതുസമയം മുതല്ക്കാണ് നിലം ഉഴവാൻ വരുന്നതെന്നറിവാൻവേണ്ടി പ്രഭാതത്തോടുകൂടി അയാൾ നിലത്തിലേക്കു യാത്രയായി. അവിടെ ചെന്നു അടുത്തുള്ള ഒരു പാറയുടെ ചരിവിൽ ഒളിച്ചിരുന്നു.

അന്നു ഇസിദോർ വളരെ സമയം വൈകിയിട്ടാണ് വയലിലേക്കു വന്നു ജോലി ആരംഭിച്ചത്. പ്രഭുവിനു വല്ലാതെ കോപമായി. അവനെ ശാസിക്കേണമെന്നുള്ള വിചാരത്തോടുകൂടി അയാൾഇസിദോരിൻെറഅടുക്കലേക്ക്ത്വരിതഗതിയായി നടന്നു. അപ്പോൾ അത്യത്ഭു

തകരമായ ഒരു കാഴ്ചയാണ് അയാളുടെ ദൃഷ്ടികൾക്ക വിഷയീഭവിച്ചതു.

സുമുഖന്മാരായ രണ്ടു യുവാക്കന്മാർ ഇസിദോരിന്റെ ഇടത്തും വലത്തും നിന്ന് നിലം ഉഴുന്നതായി പ്രഭു കണ്ടു. മഞ്ഞിനേക്കാൾ വെളുത്ത നിറത്തോടുകൂടിയ അവരുടെ കാളകൾ എത്രയും ക്ഷണത്തിൽ വേല ചെയ്യുന്നതായി തോന്നി. പ്രഭു വിസ്മയഭരിതനായി താൻ പറയേണ്ടതും പ്രവൎത്തിക്കേണ്ടതും എന്താണെന്നറിവാൻ പാടില്ലാത്ത സ്ഥിതിയിൽ അത്ഭുതപരതന്ത്രനായി കുറേനേരത്തേക്ക് സ്തംഭിച്ചു നിന്നുപോയി. പിന്നീട് വീണ്ടും ഇസിദോരിന്റെ അടുക്കലേക്ക് അയാൾ മെല്ലെ നടന്നു ചെന്നു. അവന്റെ അടുത്തെത്തുവാൻ ഭാവിച്ചമാത്രയിൽ ഐന്ദ്രജാലകന്റെ വിദ്യയെന്നോണം പുതിയ ഉഴവുകാരും കാളകളും അപ്രത്യക്ഷപ്പെടുകയാണുണ്ടായതു്.

പ്രഭു— ഇസിദോരെ! എന്റെ പ്രാണസ്നേഹിതാ! ദൈവത്തെ ഓർത്ത് പരമാൎത്ഥം എന്നോടു നീ പറയണം. ഇപ്പോൾ തന്നെ നിന്നോടുകൂടെ നിലം ഉഴുതിരുന്നവർ എവിടെ, അവർ ആരാണ്? ഞാൻ നിന്റെ അടുത്തു വരുന്നതുവരെ അവർ ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ അവരെ കാണുന്നില്ലല്ലൊ?

ഇസിദോർ— (എന്താണ് മറുപടി പറയേണ്ടതെന്നറിയാതെ പരിഭ്രമിച്ചുകൊണ്ട്) "മാന്യരെ! ഞാൻ വാസ്തവത്തിൽ ആരെയും എന്റെ സഹായത്തിനു ക്ഷണിച്ചിട്ടില്ല. ഒരാളെയും ഇവിടെ നിങ്ങൾ പറഞ്ഞപ്രകാരം ഞാൻ കണ്ടതുമില്ല. എന്നാൽ ദിവസേന കാലത്ത് കുർബാന കാണുമ്പോൾ സൎവ്വചരാചരങ്ങളുടെ സ്രഷ്ടാവും നായകനുമായ ദൈവത്തോടു ഞാൻ സഹായം അപേക്ഷിക്കാറുണ്ട്. ഇത്രമാത്രമെ എനിക്ക പറവാനുള്ളൂ". പ്രഭു വളരെനേരം ആലോചനാമഗ്നനായി നിന്നു. താൻ കണ്ട രണ്ടു ചെറുപ്പക്കാരും ഇസിദോരിനെ സഹായിപ്പാൻ സ്വൎഗ്ഗത്തിൽനിന്നുവന്ന ദൈവദൂതന്മാരാണെന്നു അയാൾ തീരുമാനിച്ചു. ഇസിദോർ അത്രമേൽ ഭക്തനുമായിരുന്നു. വിശുദ്ധകുർബാനയുടെ മാഹാത്മ്യം പ്രഭുവിനു ബോധപ്പെടുകയും ചെയ്തു.

മേല്പറഞ്ഞ ഉഴവുകാരൻ തന്നെയാണ് ഇന്നു കത്തോലിക്കാലോകത്താൽ വന്ദിക്കപ്പെടുന്ന പുണ്യവാനായ വിശുദ്ധ ഇസിദോർ എന്നുള്ളതും പ്രസ്താവ്യമത്രെ.

---

## ദേവമാതാവിനെക്കുറിച്ചു വി. ഗാബ്രിയെൽ പസ്സാന്തിയുടെ

# ഒരു വിശ്വാസപ്രമാണം.

(റവ. മാക്കീൽ അബ്രാഹം ശ.)

ദൈവമാതാവിന്റെ നേൎക്കുള്ള ഭക്തി കത്തോലിക്ക ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തവണ്ണം അത്രകണ്ടു ദൃഢമൂലമായ ഒന്നാണല്ലോ. ഓരോകാലത്തു് ജീവിച്ചുപോന്ന എല്ലാ ഭക്തജനങ്ങളും ദൈവജനനിയെ ഓരോതരത്തിൽ പ്രത്യേകമായി ബഹുമാനിച്ചും വണങ്ങിയും പോന്നിട്ടുണ്ട്. അടുത്തകാലത്തു വിശുദ്ധരുടെ പട്ടികയിൽ ചേൎക്കപ്പെട്ട വി. ഗാബ്രിയേൽ പസ്സാന്തി മരിയഭക്തരിൽ അദ്വിതീയനാണെന്നു പറയാം. പരിശുദ്ധകന്യകയുടെനേരേ തനിക്കുള്ള സ്നേഹബഹുമാനാദികളെ പ്രദൎശിപ്പാനായി ഇദ്ദേഹം ഒരു വിശ്വാസപ്രമാണം രചിച്ചിട്ടുണ്ട്. അതാണ് താഴെ ചേൎത്തിരിക്കുന്നതു്.

ഓ! മറിയമെ, അങ്ങ് എല്ലാമനുഷ്യരുടേയും മാതാവാണെന്ന് ഞാൻ വിശ്വ

സിക്കുന്നു. അങ്ങ് ഞങ്ങളുടെ ജീവനും, ദൈവം കഴിഞ്ഞാൽ പാപികളുടെ ഏക സങ്കേതവുമാണെന്നും ഞാൻ വിശ്വസിക്കുന്നു.

അങ്ങ് ക്രിസ്ത്യാനികളുടെ ശക്തിയും, ഏതു സമയത്തും, പ്രത്യേകമായി മരണസമയത്തിലും അവരുടെസഹായവുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങേ അനുകരിക്കുന്നതായാൽ ഞാൻ വ്യതിചലിക്കുന്നതല്ലെന്നും, അങ്ങയോടപേക്ഷിച്ചാൽ ഞാൻ ഉപേക്ഷിക്കപ്പെടുകയില്ലെന്നും, അങ്ങയോടൊരുമിച്ചു നില്ക്കുന്നതായാൽ ഞാൻ വീഴുന്നതല്ലെന്നും ഞാൻ വിശ്വസിക്കുന്നു.

അങ്ങേ സഹായം തേടുന്നവരെ സഹായിക്കുവാൻ അങ്ങ് സദാ സന്നദ്ധയാണെന്നും, ഞങ്ങൾ ആഗ്രഹിക്കുന്നതിൽ കൂടുതലായ നന്മചെയ്യുന്നതിനു അങ്ങു മനസ്സാകുന്നുവെന്നും; മാത്രമല്ല, ഞങ്ങൾആവശ്യപ്പെടാത്തപ്പോൾ കൂടെയും ഞങ്ങളെ സഹായിക്കുവാൻ അങ്ങു ബദ്ധപ്പെട്ടുകൊണ്ടേയിരിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു.

വി: ബർണാർദ്ദ്, ഈശോ എന്ന തിരുനാമത്തിൽ ആസ്വദിച്ചപോലുള്ള ഒരു മാധുരി അങ്ങേ തിരുനാമത്തിലും എനിക്കനുഭവപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങേ പരിശുദ്ധ നാമം ഹൃദയത്തിന് സന്തോഷവും, അധരത്തിന് അമൃതും, ശ്രോത്രത്തിന് സംഗീതവുമാകുന്നു. ഈശോഎന്ന ദിവ്യനാമം കഴിഞ്ഞാൽ, ഇത്രയധികം ആശ്വാസത്തെയും കൃപയേയും നൽകുന്ന മറെറാരു നാമവുമില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

അങ്ങ് ക്രിസ്തുവിനോടുകൂടിയുള്ള ഞങ്ങളുടെ സഹരക്ഷകയാണെന്നും, ദൈവം അങ്ങു വഴിയായിട്ടത്രെ തൻെറ ദിവ്യദാനങ്ങളെ വർഷിക്കുന്നതെന്നും, “മോക്ഷവാതിലായ” അങ്ങിൽക്കൂടിയല്ലാതെ ഒരുത്തനും ആകാശരാജ്യത്തിൽ ചെന്നുപററുന്നതല്ലെന്നും ഞാൻ വിശ്വസിക്കുന്നു.

അങ്ങേ നേർക്കുള്ള സാക്ഷാത്തായ ഭക്തി നിത്യരക്ഷയുടെ ഏററം നിശ്ചയമായ ഒരു കുറിമാനമാണെന്നും ഞാൻ വിശ്വസിക്കുന്നു. സകല പുണ്യവാന്മാരേക്കാളും മാലാഖമാരേക്കാളും അങ്ങ് ഉയർന്നവളാണെന്നും, ദൈവം മാത്രമേ അങ്ങേക്കവിയുന്നൊള്ളു എന്നും ഞാൻ വിശ്വസിക്കുന്നു.

തനിക്ക് പ്രദാനം ചെയ്യുവാൻ പാടുള്ള പൊതുവു പ്രത്യേകവുമായ സകല ദൈവീക ദാനങ്ങളെയും ദൈവം എത്രയും കൂടുതലായ ഒരളവിൽ അങ്ങിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

അങ്ങേ അഴകും ശ്രേഷ്ഠതയും മാലാഖാമാരേയും മനുഷ്യരേയും അതിശയിപ്പിക്കത്തക്കതാണെന്നും ഞാൻ വിശ്വസിക്കുന്നു.

“നിൻെറ കർത്താവായ ദൈവത്തെ സ്നേഹിക്ക” എന്ന കല്പനയെ പരിപൂർണ്ണമായി നിറവേററിയതു് അങ്ങ് മാത്രമാണെന്നും, ദൈവ സന്നധിയിൽ അധിവസിക്കുന്ന സ്രാപ്പേ മാലാഖാമാർക്കുപോലും ഈ വിഷയത്തിൽ അങ്ങ് ഒരുമാതൃകയാണെന്നും ഞാൻ വിശ്വസിക്കുന്നു.

തള്ളമാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളോടും, കുഞ്ഞുങ്ങൾക്കു തങ്ങളുടെ അമ്മയച്ഛന്മാരോടും, ഭർത്താവിനു ഭാര്യയോടും, ഭാര്യക്ക് ഭർത്താവിനോടും, സ്വർഗ്ഗവാസികൾക്കു അവരുടെ ഭക്തന്മാരോടുമുള്ള സ്നേഹത്തെ ഒരുമിച്ചു കൂട്ടിയാൽപോലും ആ സ്നേഹം, ഓരോ ആത്മാവിൻെറയുംനേർക്കുള്ള അങ്ങേ സ്നേഹത്തിന് ഏതും സമമാകുന്നതല്ലെന്നും ഞാൻ വിശ്വസിക്കുന്നു.

# വിദ്യാഭ്യാസം സംബന്ധിച്ച പരിശുദ്ധ പിതാവിൻെറ പരസ്യലേഖനം.

(ശ്രീമാൻ വി. സി. ജോർജ്ജ് ബി. ഏ.)

അടുത്തകാലത്തു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഗൌരവാവഹങ്ങളായ പല സംഗതികളെക്കുറിച്ചും വിശ്വാസികളെ പ്രബോധിപ്പിച്ചുകൊണ്ടു പരസ്യലേഖനങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും അവയിൽ പ്രധാനവും പ്രഥമവുമായി കത്തോലിക്കരുടെയും അകത്തോലിക്കരുടെയും ശ്രദ്ധാവിഷയമായിരിക്കുന്നതുവിദ്യാഭ്യാസംസംബന്ധിച്ച ഒരു പരസ്യ ലേഖനമാണു്. ഈപരസ്യലേഖനത്തിൻെറ പാരായണം മനുഷ്യരുടെയിടയിൽ എത്ര വിഭിന്നങ്ങളായ ആശയങ്ങളും അഭിപ്രായങ്ങളുമാണു് ജനിപ്പിച്ചിട്ടുള്ളതെന്നു പറഞ്ഞുകൂടാ. മാർപ്പാപ്പായുടെ അധികാരപ്രമത്തതയെ ഒരുകൂട്ടർ പഴിക്കുമ്പോൾ ഇതിൻെറ ഫലമെന്തായിരിക്കുമെന്നു ഒരുകൂട്ടർ ഭയപ്പെടുന്നു. രാഷ്ട്രാധികാരത്തിൻെറ സീമയിൽ കയ്യ് കടത്തിയെന്നു ചിലർ കോപാപാരവശ്യത്തിൽ അലറുമ്പോൾ മററുചിലർ ആത്മാക്കളുടെ സംരക്ഷകനായി മിശിഹായുടെ പ്രതിനിധിയായി വത്തിക്കാനിൽ പരിലസിക്കുന്ന പാപ്പാരാജൻെറ നേർക്കു കൃതജ്ഞതാഞ്ചിതങ്ങളായ നയനങ്ങൾ തിരിക്കുന്നു.

പരിശുദ്ധ സിംഹാസനം എല്ലാക്കാലത്തും വിദ്യാപ്രചരണത്തിൽ ബദ്ധശ്രദ്ധയായിരുന്നിട്ടുള്ള സ്ഥിതിക്കും ഇപ്പോൾ ലോകത്തിൽ കാണുന്ന പ്രമുഖങ്ങളായ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ ഭൂരിപക്ഷവും കത്തോലിക്കാ സഭയുടെ പരിലാളനയിൽ അഭിവൃദ്ധി പ്രാപിച്ചുവന്നിട്ടുള്ളതുകൊണ്ടും പരിശുദ്ധ പിതാവിൻെറ പരസ്യലേഖനം വിദ്യാഭ്യാസത്തിൻെറ ശുഭഗതിയെ തടയുന്നതാണെന്നു ആർക്കും സംശയിക്കാനില്ല. തൻെറ ഉൽകൃഷ്ടരായ പിൻഗാമികളോടൊപ്പം വിദ്യാഭ്യാസത്തിൻെറ അവിച്ഛിന്നമായ ഉൽഗതിയിൽ ആധുനിക മാർപ്പാപ്പായും ഉൽസുകനാണെന്നത്രെ പ്രകൃതലേഖനം തെളിയിക്കുന്നതു്. 'അജ്ഞാനനിമഗ്ന'മെന്നു ചില അജ്ഞന്മാർ ജല്പിക്കുന്ന മദ്ധ്യശതകങ്ങളിൽ മൂന്നാമത്തെ അലക്സാണ്ടർ പാപ്പാ വിൻചെസ്റ്ററിലെ മെത്രാനെ ഉത്സാഹിപ്പിച്ച് വിദ്യാഭ്യാസവിഷയകമായി വളരെ പ്രോത്സാഹനം ചെയ്തതായി നാം അറിയുന്നു. സാമാന്യ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ പതിനെട്ടാം നൂററാണ്ടിൽ പതിമ്മൂന്നാം ബെനദിക്തോസ് ചെയ്ത പരിശ്രമങ്ങളും ചരിത്രപ്രകീർത്തിതങ്ങളത്രെ. ഏഴാം പീയൂസ് പാപ്പാ തൻെറ അധികാരസീമയിൽപെട്ട പലപ്രദേശങ്ങളിലും വിശേഷിച്ചു അയർലാണ്ടിലും അക്ഷരജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച പ്രവൃത്തിപദ്ധതിയും ബഹുദാ സ്മരണീയമാണു്. ഈ പൂർവ്വഗാമികളെപ്പോലെ, വിദ്യാഭ്യാസവിഷയത്തിൽ അശ്രദ്ധയും വിരസവും കാണിച്ചവരെ ഉത്സാഹഭരിതരും ഉന്മേഷചിത്തരും ആക്കുന്നതിലേക്കല്ലോ ആധുനിക മാർപ്പാപ്പാ തിരുമനസ്സിലെ പരസ്യലേഖനം. വിദ്യാഭ്യാസ പ്രവർത്തനത്തെ അതിൻെറ ന്യായമായ സീമകളിൽ വലയം ചെയ്തു വിദ്യാഭ്യാസത്തിൻെറ നാമത്തിൽ ഭരണധുരന്ധരന്മാരും സമുദായചിന്തകന്മാരും ചെയ്തുവരുന്ന കയ്യേററത്തെ കുറയ്ക്കുന്നതിനാണു് തിരുമേനി അഗ്രഹിക്കുന്നതു്. പ്രജകളുടെ എല്ലാവക വ്യാപാരങ്ങളെയും നിയന്ത്രിക്കുന്നതിനു രാജ്യാധികാരികൾക്കു അവകാശമുണ്ടെന്നു വാദിച്ചുകൊണ്ടു സമുദായത്തിൻെറയും കുടുംബ

ത്തിൻെറയും ലോകത്തിൻെറ തന്നെയും ഘടനയെ തലകീഴ് മറിക്കുന്നതിനു ഒരുകൂട്ടം ആളുകൾ ഇക്കാലത്തു മുതിരുന്നുണ്ടല്ലൊ. ഇക്കൂട്ടരുടെ ദുർബോധനങ്ങൾക്കു ഒരു കണ്ണകോടാലിയായിട്ടാണ് പരസ്യലേഖനത്തിൻെറ ആവിർഭാവം. വിദ്യാപ്രചാരണത്തിൽ രാഷ്ട്രത്തിനു ന്യായമുള്ള അവകാശത്തെ മാപ്പാപ്പാ നിഷേധിക്കുന്നില്ല. "സകല പൌരന്മാരും നമ്മുടെ കാലത്തെ സാഹചര്യങ്ങൾ അനുസരിച്ചു പൊതുനന്മക്കാവശ്യമുള്ള സാന്മാൎഗ്ഗികവും മാനസികവും ശാരീരികവുമായ സംസ്കരണത്തെ പ്രാപിക്കേണമെന്ന് ആവശ്യപ്പെടുവാനും അതിനെ സാധിപ്പാനും രാഷ്ട്രത്തിന് അവകാശമുണ്ട്" എന്ന പരസ്യലേഖനത്തിലെ ഘട്ടം ഇതിനെ വേണ്ടവിധം തെളിയിക്കുന്നുണ്ട്. ഈ അവകാശം പ്രയോഗിക്കുന്നതിൽ രാജ്യാധികാരികൾ വരുത്തിക്കൂട്ടുന്ന വൈകല്യങ്ങളെപ്പററിയാണ് മാപ്പാപ്പായ്ക്കു പ്രാതികൂല്യം. തങ്ങളുടെ ന്യായമായ അവകാശങ്ങളെ ആശിക്കുന്നവർ അന്യന്മാരുടെ അവകാശങ്ങളെ ആദരിക്കേണ്ടുന്ന ന്യായമുണ്ടല്ലോ. ഇതനുരിച്ചു രാഷ്ട്രം അതിൻെറ പ്രവൃത്തിയിൽ സമുദായത്തിൻെറ ആധാരവും ആരംഭവുമായിരിക്കുന്ന കുടുംബത്തിൻെറയും സഭയുടെയും, സൎവ്വപ്രധാനമായി ഈശ്വരൻെറയും അവകാശങ്ങളെ ധിക്കരിക്കരുതെന്നത്രെ കത്തോലിക്കർ അഭിലഷിക്കുന്നതു്. "സാരത്തിൽ വിദ്യാഭ്യാസം മനുഷ്യനെ അവൻെറ സാക്ഷാൽ അന്ത്യം പ്രാപിക്കുന്നതിനേതു് ആവശ്യമാണൊ ആ അവസ്ഥയിൽ ആക്കുക"യാകകൊണ്ടു് "വിദ്യാഭ്യാസം മനുഷ്യനിൽ മുഴുവനായി, ആത്മാവിലും ശരീരത്തിലും അവയുടെ പ്രാപഞ്ചികവും ആത്മീയവും ആയ സകല ശക്തികളിലും വ്യാപിക്കണം" എന്നു തൻെറ പരസ്യലേഖനത്തിൽ സ്ഥാപിച്ചുകൊണ്ടു മുകളിൽ സൂചിപ്പിച്ചിട്ടുള്ള കത്തോലിക്കതത്വത്തെ പരിശുദ്ധപിതാവ് ശക്തിയായി ആവൎത്തിച്ചിട്ടുണ്ട്. കുടുംബത്തിൻെറ സംഗതിയിൽ അവിടുന്ന് ഇങ്ങിനെ പ്രസ്താവിക്കുന്നു. "കുടുംബം അതിലെ കുഞ്ഞുങ്ങളെ വളൎത്തുന്നതിനുള്ള അവകാശവും ചുമതലയും ദൈവത്തിൽനിന്നു നേരിട്ടാണ് കൈക്കൊണ്ടിരിക്കുന്നതു." കുടുംബം മററു സമുദായാശ്രയംകൊണ്ടു ജീവിക്കേണ്ട ഒരപൂൎണ്ണസമുദായമാണെന്നും സഭയുടെയും രാഷ്ട്രത്തിൻെറയും രക്ഷയും സഹായവും അതിന്നാവശ്യമുണ്ടെന്നും മാപ്പാപ്പാ സ്ഥാപിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള സഹായരക്ഷകൻ കുടുംബത്തിനുള്ള അവകാശങ്ങളെ ഹനിച്ചുകൂടാത്തതാണ്. കുടുംബത്തിൽപെട്ട ആളുകളുടെ മനഃസാക്ഷിക്കു വിരോധമായോ ന്യായമായ അവകാശങ്ങളെ അവഗണിച്ചോ രാഷ്ട്രം എന്തെങ്കിലും നിശ്ചയിക്കുമ്പോൾ കുടുംബമെന്ന സമുദായത്തിൻെറ മൂലാധാരത്തെ രാഷ്ട്രം നശിപ്പിക്കുകയത്രെ ചെയ്യുന്നതു്. കുട്ടികൾ രാഷ്ട്രാധികാരികൾ നിശ്ചയിക്കുന്ന വിദ്യാലയങ്ങളിലേ വിദ്യ അഭ്യസിച്ചുകൂടൂ എന്നു കല്പിക്കുകയോ നിർബന്ധിക്കുകയോ ചെയ്യുന്നതു ദുരധികാരപ്രയോഗമാണെന്നു ഇതിൽനിന്നു സിദ്ധമാണ്. ഇങ്ങിനെയുള്ള ദുരധികാരപ്രയോഗം യൂറോപ്പിലും അമേരിക്കയിലും ചില രാജാധികാരികൾ തുടങ്ങിയിട്ടുള്ളതുകൊണ്ടാണ് പരസ്യലേഖനം സംസൃഷ്ടമാകാനിടയായതെന്നു പറയേണ്ടതില്ലല്ലോ. ഇതരപൌരന്മാൎക്കുണ്ടായിരിക്കേണ്ട ന്യായമായ ലക്ഷണങ്ങൾ കത്തോലിക്കപൌരന്മാരിലും ഉണ്ടായിരിക്കേണമെന്നല്ലാതെ കത്തോലിക്കു വിദ്യാൎത്ഥികളെ ഗവൎമ്മേണ്ടു സ്കൂളുകളിൽ അവശ്യം അഭ്യസിപ്പിക്കേണമെന്നുവെക്കാൻ ഗവൎമ്മേണ്ടുകൾക്കു യാതൊരധികാരവുമില്ലെന്നും കാൎയ്യകാരണസഹിതം മാപ്പാപ്പാ സ്ഥാപിച്ചിരിക്കുന്നതു സാഹസികന്മാരായ ചില അധികാരികൾക്കു അസ്വാസ്ഥ്യത്തിന്നിടയാക്കിയിട്ടുണ്ടെങ്കിൽ അതേപ്പറ്റി അത്ഭുതപ്പെടുവാനില്ല. എന്നാൽ പരസ്യലേഖനം വളരെ സമുചിതമായിട്ടുണ്ടെന്നു സമ്മതിക്കുന്ന അകത്തോലിക്കരുടെ സംഖ്യയും നിസ്സാരമല്ല. "ലണ്ടൻ ടൈംസ്" പരസ്യലേഖനത്തിലെ പ്രധാനഭാഗങ്ങളെ ക്രോഡീകരിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ള ലേഖനത്തിൽ മാപ്പാപ്പായുടെ നയത്തെ ശക്തിയായി പിൻതാങ്ങുന്ന

തു കൂടാതെ അംഗ്ലിക്കരാദിയായ പ്രോട്ടസ്റ്റാണ്ടു സഭാംഗങ്ങൾ ലേഖനത്തിലെ ആശയമനുസരിച്ചു തങ്ങളുടെ മതപരങ്ങളായ വിദ്യാസ്ഥാപനങ്ങൾ രാഷ്ട്രത്തിൻെറ കയ്യേററത്തിൽനിന്നു പരിരക്ഷിക്കേണമെന്നു അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ടു്. പരസ്യലേഖനം കത്തോലിക്കർ നിർദ്ദേശിക്കുന്ന കാര്യപരിപാടി എന്തെന്നു ഇവിടെ എടുത്തുപറയേണ്ട ആവശ്യമില്ലല്ലൊ.

## ൧൯൩൦ മേടമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### കാർത്തേജിലെ ദിവ്യകാരുണ്യ മഹാസംഘം.



അടുത്ത ദിവ്യകാരുണ്യ മഹാസംഘം മേയ് മാസത്തിൽ അഫ്രിക്കയിലെ കാർത്തേജു പട്ടണത്തിൽ വെച്ചു നടത്തുന്നതിനാണ് തീർച്ചപ്പെടുത്തിയിരിക്കുന്നതു. ഇതു പ്രമാണിച്ചുള്ള ഒരുക്കങ്ങളെല്ലാം ധൃതഗതിയിൽ നടന്നുവരുന്നു. അഫ്രിക്കാ ഭൂഖണ്ഡത്തിൽ വെച്ചു് ഇദംപ്രഥമമായിട്ടാണു ദിവ്യകാരുണ്യമഹാസംഘം കൂടുന്നതു്. ഈ സംഘം സർവ്വപ്രകാരേണയും വിജയപ്രദമാകണമെന്നു നമ്മുടെ പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസു മാർപ്പാപ്പാ്ക്കു് അതിയായ ആഗ്രഹമുണ്ടു്.

കാർത്തേജു പട്ടണം പലതുകൊണ്ടും ചരിത്രപ്രധാനമായ ഒന്നാണ്. അഫ്രിക്കയിൽ ക്രിസ്തുമതം പ്രബലമായിരുന്ന കാലങ്ങളിൽ കാർത്തേജു പ്രധാന പട്ടണമായിരുന്നു. കാലക്രമേണ മഹമ്മദിയാക്രമണത്തിനു അഫ്രിക്കയിലെ രൂപതകൾ ഇരയാവുകയും കാർത്തേജു മുതലായ പട്ടണങ്ങളിൽ കൃസ്ത്യാനികളുടെ നാമംപോലും കേൾക്കാനില്ലാതായി തീരുകയും ചെയ്തു. ഉദ്ദേശം അമ്പതുകൊല്ലങ്ങളായി കാർത്തേജിലുംമററും ക്രിസ്തുമതം പുനഃസ്ഥാപിക്കുന്നതിനുള്ളശ്രമം ഊർജ്ജിതമായി നടന്നുവരുന്നുണ്ടു്. ഈ പരിശ്രമങ്ങൾക്കു അടുത്തു നടക്കുവാനിരിക്കുന്ന ദിവ്യകാരുണ്യ സമസ്തരാജ്യസമ്മേളനംവഴിയായി പൂർവ്വാധികം അഭിവൃദ്ധിയുണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

അടുത്തു കഴിഞ്ഞ ചിക്കാഗോ, സിഡ്നി സമ്മേളനങ്ങൾ വഴിയായി അമേരിക്കയിലും ആസ്ത്രേലിയായിലും കത്തോലിക്കമതത്തേക്കുറിച്ചുള്ള പല തെററിധാരണകൾനീങ്ങുന്നതിനിടയായി. അഫ്രിക്കയിലും കത്തോലിക്കമതതത്വങ്ങളെപ്പററി വലിയ തെററിധാരണകൾ ഉണ്ടു്. കാർത്തേജിലെ സമസ്തരാജ്യസമ്മേളനം വഴിയായി ഈ തെററിധാരണകൾ നീങ്ങുകയും വി. ചിപ്രിയാനോസു, വി. അഗുസ്തിനോസു ആദിയായ വിശുദ്ധന്മാരുടെ രക്തവും വിയർപ്പുംകൊണ്ടു പരിപാവനമായിരിക്കുന്ന അഫ്രിക്കയിൽ ക്രിസ്തുമതം ആദിമശതാബ്ദങ്ങളിലേപ്പോലെ ഒന്നു കൂടി പ്രബലപ്പെട്ടുവരുന്നതിനു ദിവ്യകാരുണ്യത്തിലെഴുന്നെള്ളിയിരിക്കുന്ന നമ്മുടെ കർത്താവിൻെറ തിരുഹൃദയം ഇടയാക്കുന്നതായാൽ കാർത്തേജിൽ ദിവ്യകാരുണ്യസമ്മേളനം വിജയകരമായി എന്നു നമുക്കു പറയാം. ആകയാൽ ഈ കാര്യസാദ്ധ്യത്തിനായി തിരുഹൃദയഭക്തന്മാർ ഏപ്രിൽമാസം മുഴുവനും പ്രത്യേകം പ്രാർത്ഥിക്കണം.

ഇടവമാസം—ശുദ്ധതയുടെ മാതൃകയും സംരക്ഷകയുമായ പരി. കന്യ.മറിയം.

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## 1. ബനീഞ്ഞാ കൊൺസൊലാത്താ.

### 4. ഈശോയുടെ സ്നേഹസന്ദർശനങ്ങൾ.

പ്രിയ കുഞ്ഞുങ്ങളേ,

ആദ്യകുർബ്ബാന കൈക്കൊള്ളപ്പാടു കഴിഞ്ഞ ശേഷമുള്ള ബനീഞ്ഞായുടെ ജീവിതം ഒരു വിശേഷതരം തന്നെയായിരുന്നു. ഈശോയ്ക്കു വേണ്ടി അവൾ തന്നെ മുഴുവൻ സമർപ്പിച്ചിരുന്നു. ഈശോ അവളെ തൻെറ സ്വന്തമായിട്ടു സ്വീകരിക്കയും ചെയ്തുകഴിഞ്ഞ് അനന്തരം പലപ്പോഴും ദിവ്യ മണവാളൻ അവൾക്കു കാണപ്പെട്ട് സ്വർഗ്ഗീയ ഉപദേശങ്ങളെ നൽകുകയും ലൌകീക പക്ഷങ്ങളിൽനിന്നെല്ലാം അവളുടെ ഹൃദത്തെ ശുദ്ധീകരിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കയും ചെയ്തുവന്നു. ബനീഞ്ഞായുടെ കുമ്പസാരക്കാരനായിരുന്ന ബൊക്കാഡോ എന്നവന്ദ്യദേഹം ഈ കന്യകയുടെ സുകൃതാഭിവൃദ്ധികണ്ടു ആശ്ചര്യപ്പെട്ടു. ഈശോകർത്താവു അവളോടു അരുളിച്ചെയ്യുന്നതെല്ലാം എഴുതിയിടണമെന്ന് ഇദ്ദേഹമാണ് ആദ്യം അവളോടാവശ്യപ്പെട്ടത്. എളിമയുടെ ആധിക്യത്താലും വീട്ടിലെ നാനാതരത്തിലുള്ള ജോലികൾ നിമിത്തവും ഈ കല്പന നിറവേററുന്നതിന് അവൾക്കു സാമാന്യമല്ലാത്ത ബുദ്ധിമുട്ടുണ്ടായെങ്കിലും കീഴ്വഴക്കത്തെയോർത്ത് എല്ലാംകൃത്യമായിനിറവേററി. വിസിറേറഷൻ കന്യകാമഠത്തിൽ പ്രവേശിക്കുന്നതുവരെയുള്ള ഈവിധവെളിപാടുകളെല്ലാം പെൻസികൊണ്ട് അവളുടെ സ്വന്തം കൈയ്യക്ഷരത്തിൽ ഒരു നൂറോളം പെയിജുകളടങ്ങിയ ഒരു നോട്ടുപുസ്തകം ഇങ്ങനെയാണ് കിട്ടാനിടയായത്.

ബനീഞ്ഞായ്ക്കു പതിനേഴ വയസ്സായിരിക്കയിൽ 1902 നവംബർ മാസം മുതലുള്ള ഡയറികളാണു ഈ നോട്ടുപുസ്തകത്തിൽ കാണുന്നത്. പുണ്യവർദ്ധനത്തിനും ദൈവസ്നേഹത്തിനും ഉപകരിക്കുന്ന പല കാര്യങ്ങൾ അതിൽ കാണുന്നതിൽ ചിലതെങ്കിലും നിങ്ങളെ കേൾപ്പിച്ചാൽ കൊള്ളാമെന്നു ആഗ്രഹമുണ്ട്. ഒരിക്കൽ ഈശോ അവൾക്കു ദർശനമായി അരുളിച്ചെയ്തതായതു; “മറിയമേ! ഇനി സൃഷ്ടികളുടെ സ്നേഹം ഇരക്കുന്നതിനു നീ പോകണ്ട. അവയെല്ലാം നിനക്കു ലഭിച്ചാൽതന്നെയും നിനക്കു തൃപ്തിവരുന്നതല്ല. നിന്നെ സ്നേഹിക്കയും മനസ്സിലാക്കുകയും ചെയ്തിട്ടുള്ള ഒരു ഹൃദയമാണു നിനക്കുവേണ്ടതു. ദൈവത്തിൻെറ ഹൃദയമത്രെ നിനക്കു ആവശ്യമുള്ളതു. ലോകത്തിലുള്ള തങ്ങളുടെ സ്നേഹിതന്മാരോടു ആളുകൾ എന്തും പറയുന്നില്ലയോ? അതുപോലെ എന്നോടു നീ സംസാരിച്ചുകൊള്ളുക. ഞാൻ നിന്നെ അറിയുന്നു, നിൻെറ പാടുപീഡകളിൽ ഞാൻ പങ്കെടുക്കുന്നു, നിൻെറ മാതൃകയായി എന്നെത്തന്നെ ഞാൻ തന്നിരിക്കുന്നു. ഈ മാതൃകയ്ക്കൊത്തവണ്ണം ശ്രദ്ധാപൂർവ്വം നിന്നെ രൂപീകരിച്ചുകൊള്ളുക. വാസ്തവത്തിൽ ഈശോ നിന്നിൽ ജീവിക്കയും, നിൻെറ പ്രവൃത്തികളെയും ആഗ്രഹങ്ങളെയും മനസ്സിനെയും ഭരിക്കയും ചെയ്യത്തക്കവണ്ണം ജീവിക്കുക. ഈശോനിന്നിൽ ജീവിക്കയും ഭരണം നടത്തുകയും ചെയ്യുന്നതായി കാണിക്കത്തക്കവിധം ജീവിക്കുന്നതിനു എത്ര പൂർണ്ണതയോടുകൂടെ പ്രവർത്തിക്കണമെന്നു നിനക്കറിയാമോ? ഉള്ളേ വലിയ പീഡകൾ അനുഭവിക്കുമ്പോൾകൂടെയും, പുറമേ നീ പുഞ്ചിരി തൂകിക്കൊണ്ടിരിക്കണം. എല്ലാവരോടും പ്രത്യേകിച്ച് നിനക്കു ത്യാഗത്തിൻെറയും ബലിയുടെയും അവസരങ്ങൾ തരുന്നവരോടും മധുരവും സൗഹാർദ്ദതയുമുള്ളവളായിരിക്കുക.”

പ്രിയകുഞ്ഞുങ്ങളേ, ദിവ്യരക്ഷകൻെറ പള്ളിക്കൂടത്തിലെ ഈ പാഠങ്ങൾ നിങ്ങൾ

ശ്രദ്ധിച്ചുവായിക്കണം ബനീഞ്ഞായേപ്പോലെവെളിപാടുകളും മററും നിങ്ങൾക്കുണ്ടായില്ലെങ്കിലും ബനീഞ്ഞായിക്കുനൽകിയ ഈ ഉപദേശങ്ങൾ നിങ്ങൾക്കും വേണ്ടിതാണ്. ഹൃദയംമുഴുവൻ ഈശോയ്ക്കു കൊടുക്കണം. മററുസ്നേഹത്തിനു അവിടെ സ്ഥലംകൊടുക്കരുതു്. ഇതുതന്നെയാണ് ഈശോയുടെ ഉപദേശങ്ങളുടെയെല്ലാം സംഗ്രഹം. പുണ്യവാന്മാരുടെ ശാസ്ത്രത്തിൻെറയെല്ലാം സംക്ഷേപവുമിതുതന്നെ ആകുന്നു.

## 2. ഈമാസത്തെ മദ്ധ്യസ്ഥൻ. വി. ഗീവറുഗീസ് സഹദാ.

(തിരുനാൾ ഏപ്രിൽ 23-ാ ബുധനാഴ്ച)

പതിനാറു നൂററാണ്ടുകൾക്കുമുമ്പ് റോമാചക്രവത്തിയായിരുന്ന ഡിയൊക്ലെസ്യാൻെറ വാളിനു ഇരയായ ഒരു ധീരയോദ്ധാവാണു വി. ഗീവറുഗീസ്. ഇന്നു അദ്ദേഹത്തിൻെറ നാമം വണങ്ങപ്പെടാത്ത സ്ഥലം ലോകത്തിലില്ല. അദ്ദേഹം തൻെറ ഭക്തന്മാക്കെല്ലാം അനവധി വരങ്ങൾ പ്രാപിച്ചുകൊടുത്തുവരുന്നു. ഈ മഹത്വത്തിനെല്ലാം കാരണമെന്താണ്. പാപത്തെക്കാൾ മരണം എന്നുള്ള മുദ്രവാക്യത്തെ അനുസരിച്ചു വേദമുപേക്ഷിക്കുന്നതിനേക്കാൾ ജീവൻ വെടിയുവാൻ തയാറായി എന്നുള്ളതാണ്. വി. ഗീവറുഗീസേ പാപത്താൽ ദൈവത്തെ ഉപദ്രവിക്കുന്നതിനുമുമ്പു മരിപ്പാൻ ധൈര്യം ഞങ്ങൾക്കും പ്രാപിച്ചുതരണമെ.



കെ. സി. സി. ഏ. ബാലികാബാലസംഘങ്ങൾ. കിടങ്ങൂർ.

## 3. കെ. സി. സി. ഏ. ഡയറി.

കുഞ്ഞുമക്കളുടെ സംഘത്തിനു ഒപ്പിച്ചുള്ള ബാലസംഘങ്ങൾ യാക്കോബായക്കാരുടെ ഇടയിലും മററും ആരംഭിച്ചിരിക്കുന്നു. കത്തോലിക്കപത്രങ്ങളുടെ രുചി പിടിക്കാതെ ചിലർ അകത്തോലിക്കപത്രങ്ങളിൽചെന്നു ചാടുന്നതുപോലെയുള്ള അബദ്ധം ഈ വിഷയത്തിൽ കുഞ്ഞുമക്കൾക്കു പററാതെയിരിക്കാൻവേ

ണ്ടി നേരത്തേ ഓപ്പിച്ചുവെന്നേയുള്ളൂ. സംഘടനകൊണ്ടുള്ള ആവശ്യം ഇനിയെങ്കിലും നമ്മുടെ ആളുകൾ ഗ്രഹിച്ചു പ്രവർത്തിച്ചെങ്കിൽ നന്നായിരുന്നു.

* * *

വലിയ ആഴ്ചയും പീഡാനുഭവ സ്മരണകളും സമീപിച്ചുവരുന്നു. ഈ ദിവസങ്ങളിൽ നിങ്ങളുടെ ചിന്തയും ആഗ്രഹങ്ങളുമെല്ലാം ഗാഗുൽത്താമലയിലായിരിക്കണം. നമ്മുടെ സ്നേഹം നിറഞ്ഞ രക്ഷകൻ അവിടെ സർവ്വാംഗം മുറിവേററു മുൾമുടിചൂടി സ്ലീവാ മരത്തിന്മേൽ കിടക്കുന്നു. ആ ദുഃഖാനുഭവങ്ങൾക്കു നാമും കാരണമായിട്ടില്ലേ? ഈ ദിവസങ്ങളിലെങ്കിലും അതിനു വല്ല പരിഹാരവും ചെയ്വാൻ ശ്രമിക്കേണ്ടയോ? അല്പം കുററങ്ങൾകൊണ്ടുപോലും ഈ മുറിവുകളെ പുത്തനാക്കാതിരിപ്പാൻ പ്രതിജ്ഞ ചെയ്യുക.

* * *

പുസ്തകം പിടിച്ചു കുബ്ബാനകാണു

ന്നതിനുള്ള ഫെബ്രുവരിമാസത്തെ മത്സരത്തിൽ അന്തോനി മണ്ണൂച്ചേരി മാന്നാനം, വി. ററി. ജോൺ വെട്ടംതടം, കാഞ്ഞിരത്താനം, മറിയം കാരാവേലി കുറവലങ്ങാട്ടു, എം. മേറി മാളികയിൽ കാഞ്ഞിരത്താനം ഇവർക്കു സമ്മാനം ലഭിച്ചിരിക്കുന്നു. ഏപ്രിൽമാസത്തേയ്ക്കു "പരിശുദ്ധ വ്യാകുലമാതാവെ! എന്റെ അമ്മെ! നിന്റെ തിരുക്കുമാരന്റെ പങ്കപ്പാടും കുരിശുമരണവും എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ" എന്ന സുകൃതജപം ചൊല്ലി പേരയയ്ക്കുകയാണു വേണ്ടതു്. ഈ മാസം കഴിഞ്ഞാലും മുടങ്ങാതെ ചൊല്ലിവരത്തക്ക ഒരു സുകൃതജപമാണിതെന്നും പറയേണ്ടതില്ലല്ലൊ.

എല്ലാവർക്കും ഉയിർപ്പുതിരുനാൾ മംഗളം ആശംസിച്ചുകൊണ്ടു നിറുത്തുന്നു.

എന്നു നിങ്ങളുടെ

സ്വന്തം കൊച്ചച്ചൻ.

# വർത്തമാന സംഗ്രഹം.

ആറുകൊല്ലങ്ങളോളം സ്പെയിൻരാജ്യത്തിൽ പ്രധാന മന്ത്രിയുദ്യോഗം നിർവ്വഹിച്ചു കീർത്തിസമ്പാദിച്ച ശേഷം കുറെ മാസങ്ങൾക്കു മുമ്പു ജോലി രാജിവെച്ചു പാരീസ് നഗരത്തിൽ സ്വസ്ഥമായി താമസിച്ചിരുന്ന പ്രീമോദ്റിവേരാ എന്ന ദേഹം കഴിഞ്ഞ 16-ാംനു- മരണം പ്രാപിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ പ്രേതം സ്പെയിൻരാജ്യത്തിന്റെ തലസ്ഥാനപട്ടണമായ മദ്രീദിൽ കൊണ്ടുപോയി സാഘോഷം അടക്കം ചെയ്കയുണ്ടായി.

\+ + +

പെസഹാതിരുനാൾ ആഘോഷിക്കുന്നതിനു വിഘ്നം ചെയ്യുന്നതിനായുള്ള പ്രചരണവേല റഷ്യയിൽ ആരംഭിച്ചിരിക്കുന്നു. ക്രീസ്മസ് (പിറവി) തിരുനാളാഘോഷത്തിനെതിരായും തീക്ഷ്ണമായ പ്രചരണവേല നടത്തിയ വിവരം എല്ലാവരും അറിഞ്ഞിട്ടുള്ളതാണല്ലൊ.

\+ + +

ബാബേലിലെ കൽദായ പാത്രിയർക്കീസും കാർത്തേജിലെ ദിവ്യകാരുണ്യ മഹാസഭയിൽ സംബന്ധിക്കുമെന്നറിയുന്നു.

\+ + +

തെക്കേ അമേരിക്കയിൽ നൂററുക്കു തൊണ്ണൂററിഒമ്പതാളുകളും കത്തോലിക്കരാണു. കത്തോലിക്കരേ വഞ്ചിക്കുന്നതിനായി ഐക്യനാടുകളിലെ പ്രോട്ടസ്റ്റൻറുകാർ ശ്രമിച്ചുവരുന്നുണ്ടു്. ചില്ലിരാജ്യത്തുള്ള കൊൻസെപ്ഷ്യനിലെമെത്രാൻ ഈ ശ്രമത്തേ ആക്ഷേപിച്ചു ഒരു ഇടയലേഖനം പരസ്യപ്പെടുത്തിരിക്കുന്നു.

\+ + +

ഐ. സി- ഡാനിയേൽ അപകീ

ത്തിക്കേസിൻെറ കഴിഞ്ഞയവധി മീനം 9-ാംനു- ശനിയാഴ്ചയായിരുന്നെങ്കിലും ഏതോ കാരണവശാൽ അന്നു കേസു നടന്നില്ല. ഇനിയത്തെയവധി മീനം 30-ാംനു-യാണ്.

\+ + +

കൊച്ചീയിലെ ഇനിയത്തെ ദിവാനായി ഇപ്പോൾ അവധിയിൽ ഇംഗ്ലണ്ടിൽ താമസിക്കുന്ന മലബാർ കലക്ടറർ മി. സി. ജി. ഹേർബർട്ട് ഐ. സി. എസ്. എന്ന ധ്വര നിയമിതനായിരിക്കുന്നു. ഈ ഏപ്രിൽ മാസത്തിൻെറ മദ്ധ്യത്തോടെ അദ്ദേഹം പുതിയ ജോലിയിൽ പ്രവേശിക്കുമെന്നാണറിയുന്നതു്.

റഷ്യയിലെ സോവിയററുഭരണം മതവിശ്വാസികൾക്കു സവ്വത്ര വിരോധമാകയാൽ ലോകത്തിൻെറ നാനാഭാഗത്തുനിന്നും പ്രതിഷേധസ്വരം പുറപ്പെട്ടതിൻെറ ഫലമായി മതവിദ്വേഷപരങ്ങളായ പ്രസ്ഥാനക്കാരെ കഠിനമായി ശിക്ഷിക്കുന്നതാണെന്നു ഗവമ്മെണ്ടിൽനിന്നും ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. എങ്കിലും രഹസ്യത്തിൽ അവർ മതവിധ്വംസകരെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

\+ + +

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.

വി. കൊച്ചുത്രേസ്യായുടെയും കൊരട്ടിമുത്തിയമ്മയുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യമെല്ലാം സാധിച്ചുകിട്ടിക്കൊണ്ടിരിക്കുന്നതിനു്.

ഏ. ഡി പി. കാഞ്ഞിരപ്പള്ളി.

മുത്തോലി കൊവേന്തപള്ളിയിലെ വ്യാകുലമാതാവിൻെറയും തിരുഹൃദയത്തിൻെറയും ചെങ്ങളത്തു വി. അന്തോനീസിൻെറയും സഹായംമൂലം അസാദ്ധ്യകാര്യം സാധിച്ചതിനു്.

ബി. മുത്തോലി.

വി. സീത്താ പുണ്യവതിയുടെയും വി. മിഖായെൽ മാലാഖായുടെയും മാദ്ധ്യസ്ഥം മൂലം ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. കെ. തെനംകുന്നം.

ഈശോയുടെ തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ പരീക്ഷയിൽ വിജയം പ്രാപിച്ചതിനു്.

സി. എം. ററി, സി. എം. കെ. താന്നൂർ.

കുടുംബത്തിൽ ആശ്വാസവും, ആപത്തുകളിൽ സഹായവും ലഭിച്ചതിനു പരി. ദൈവജനനിക്കു ഉപകാരസ്മരണ.

ഡബ്ളിയൂ. ഗൊൺസാൽവസ്സ്.

കുടമാളൂർ വി. കൊച്ചുത്രേസ്യായുടെ പുഷ്പമുടി എഴുന്നെള്ളിച്ചതിനാലും തിരുക്കുടുംബത്തോടുള്ള പ്രത്യേകാപേക്ഷയാലും ദീനം സുഖപ്പെട്ടതിനും ഉദ്ദിഷ്ടകാര്യം സാധിച്ചതിനും.

കെ. ററി. എ. അതിരമ്പുഴ.

## ചരമവാത്തകൾ.

കത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമ വായനക്കാർ പ്രാത്ഥിപ്പാറാകണം.

മണിയങ്കുന്നു പള്ളിയിടവക ഉറുമ്പയിൽ ദേവസ്യാ ഫെബ്രുവരി നാലാംനു- ൭൦ വയസ്സ്.

ടി. പള്ളിയിടവക കണ്ടെത്തു താഴെ തൊമ്മൻ ത്രേസ്യാ മാർച്ച് ൨.

പറപ്പൂക്കരപ്പള്ളിയിടവക മി. ആലപ്പാട്ടു കുഞ്ഞിപ്പാലു മാർച്ച് ൨൩. വയസ്സ് ൮൨.

ടി. പള്ളിയിടവക ആനന്ദപുരം

എളങ്കുന്നപ്പുഴ ബ. യാക്കോബ് അച്ചൻ അവർകളുടെ മാതാവ് ശ്രീമതി ഏലിയാമ്മ. മാർച്ച് ൧൨. വയസ്സ് 79.

ടി. അച്ചൻെറ കനിഷ്ഠ സോദരൻ മി. ഉതുപ്പ്. മാർച്ച് ൧൪. വയസ്സ് ൭൫.

## പരേതനായ ക. നി. മൂ. സ. ബ. ആഞ്ചെലൂസച്ചൻ.

അല്വായിലെ കർമ്മലീത്താ ആശ്രമത്തിൽ വെച്ചു മാർച്ചു 11-ാംനു- നിര്യാതനായ ഈ വന്ദ്യവൈദികനു മരിക്കുമ്പോൾ 75 വയസ്സു പ്രായമായിരുന്നു. പുതുക്കാട്ടു ഇടവകയിൽ പുളിക്കൽ എന്ന മാന്യകുടുംബത്തിൽ ജാതനായ ഇദ്ദേഹം തൻെറ 15-ാമത്തെ വയസ്സിൽ കേരളീയ കർമ്മലീത്താ സഭയിൽ ചേൎന്നു അറുപതു വർഷക്കാലത്തേക്കു ദൈവശുശ്രൂഷയിൽ ഉൽസുകനായിരുന്നു.

ഗുരുപ്പട്ടം സ്വീകരിച്ച നാൾ മുതൽ വിവിധജോലികൾ നിൎവ്വഹിച്ചു മരണപൎയ്യന്തം സ്വസഭയുടെ സൎവ്വവിധ അഭിവൃദ്ധിക്കായും സദാ പരിശ്രമിച്ചിരുന്ന ഒരു ദേഹമാണ് ഈ വന്ദ്യവൈദികൻ സഭയിലെ വിദ്യാൎത്ഥികളെ പഠിപ്പിക്കുക, സന്മാൎഗ്ഗശാസ്ത്രപുസ്തകം ആദിയായി പലേ വിശിഷ്ടഗ്രന്ഥങ്ങൾ ഭാഷാന്തരപ്പെടുത്തുക മുതലായ പല ജോലികളും ഇദ്ദേഹം നിർവഹിച്ചിട്ടുണ്ടു്. പാവർട്ടി പുളിങ്കുന്നു, എൽത്തുരുത്തു എന്നീ ആശ്രമങ്ങളുടെ ശ്രേഷ്ഠനായും, പ്രിയോർ ജനറാളച്ചൻെറ സെക്രട്ടറിയായും പല കൊല്ലങ്ങളോളം ജോലി നോക്കിയും ഇദ്ദേഹം സഭയ്ക്കും സമുദായത്തിനുംവേണ്ടി അക്ഷീണപരിശ്രമം ചെയ്തിട്ടുള്ളയാളാണ്. ഇപ്പോൾ പ്രശസ്തമായ നിലയിലിരിക്കുന്ന പാവർട്ടികൊവേന്തയുടേയും ഹൈസ്കൂളിൻെറയും സ്ഥാപനത്തിനും അഭിവൃദ്ധിക്കുമായി ഈ വന്ദ്യദേഹം ചെയ്തിട്ടുള്ള പരിശ്രമങ്ങൾ ചില്ലറയല്ലാ. പ്രായാധിക്യം നേരിട്ടിട്ടും വിശ്രമിക്കണമെന്നു വിചാരിക്കാതെ ഒല്ലൂരിനും പുതുക്കാടിനും മദ്ധ്യേ തലോർ എന്ന സ്ഥലത്തു സഭവകയായി ഒരു നവീനാശ്രമം പണികഴിപ്പിക്കുന്നതിനായി അദ്ധ്വാനിച്ചുവരികയിലാണു ഇദ്ദേഹം നിത്യസമ്മാനത്തിനായി ഈലോകവാസം വെടിയുവാനിടയായതു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ് –

ജ്ഞാനധ്യാനങ്ങൾ നടത്തുന്നതിലും ആഞ്ചെലൂസച്ചൻ അതിസമൎത്ഥനും അത്യുൽസാഹിയുമായിരുന്നു. സന്യാസക്രമനിഷ്ഠ, ശാന്തശീലം, പരിശ്രമം, പരോപകാരതല്പരത, ശിശുതുല്യമായ നിഷ്കാപട്യം ആദിയായ സൽഗുണങ്ങളാൽ ഇദ്ദേഹവുമായി പരിചയപ്പെടാനിടവരുന്നവരെയെല്ലാം ഇദ്ദേഹം ആകൎഷിച്ചിരുന്നു.

ഇദ്ദേഹം ഒരു യാത്രയിൽ ആല്വാ സന്യാസാശ്രമത്തിൽ കയറുകയും അവിടെവച്ചു ഒരു ജ്വരപ്പനിപിടിപെട്ടു ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മരണം പ്രാപിക്കയുമാണുണ്ടായതു്. നിസ്സാരമെന്നു തോന്നിയിരുന്ന പനി വൎദ്ധിച്ചുവരുന്നതായി കണ്ടതിനാൽ അന്ത്യക്രിയാശകളെല്ലാം സുബോധത്തോടും വേണ്ടതുക്കു ഒരുക്കത്തോടുംകൂടെ സ്വീകരിച്ചു.

ഇദ്ദേഹത്തിൻെറ കവറടക്കം ആല്വാ ആശ്രമത്തിൽവെച്ചുതന്നെ 12-ാംനു- എറണാകുളം അതിരൂപയുടെ അ. പ്ര. മാർ ആഗസ്തീനോസുമെത്രാപ്പോലീത്താച്ചൻെറയും ക. നി. മൂ. സ. പെ. ബ. പ്രിയോർജനറാളച്ചൻെറയും പത്തുമുപ്പതോളം വൈദികരുടെയും ഒട്ടേറെ ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ യഥാവിധി നടത്തപ്പെട്ടു.

ഒരിക്കൽ സുറിയാനികർമ്മലീത്താ സഭയുടെ പ്രിയോർജനറലായിരുന്നു് ഇപ്പോൾ സഭയുടെ ൨-ാം ദഫ്നിത്തോർ ജനറാളായിരിക്കുന്ന പെ. ബ. ഗൌറിയേലച്ചൻ ഇദ്ദേഹത്തിൻെറ കുടുംബാംഗവും അടുത്ത സംബന്ധിയുമാണെന്നുള്ളതും പ്രസ്താവ്യമാനു്. ഇദ്ദേഹത്തിൻെറ ആത്മാനുകൂലാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം. R. I. P.

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam. 1930.